17 ശനി ഡിസംബർ 2022
1198 ധനു 01

ലോകത്തിന്റെ കണ്ണുകൾ പന്തിന് പിറകെ....

കേരള പ്രണാമം
സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com



# മുങ്ങി നടക്കുന്നവർക്ക് പിടിവീഴും

## സെക്രട്ടേറിയറ്റിൽ പഞ്ചിങ് കർശനമാക്കണമെന്ന് ചീഫ് സെക്രട്ടറി

**തിരുവനന്തപുരം:** സർക്കാർ ഓഫീസുകളിലെ പഞ്ചിങ് സംവിധാനം കർശനമാക്കണമെന്ന് ചീഫ് സെക്രട്ടറി വി.പി ജോയിയുടെ അന്ത്യശാസനം. 2023 ജനുവരി ഒന്ന് മുതൽ ഇക്കാര്യം നടപ്പിലാക്കണമെന്നാണ് നിർദേശം. സെക്രട്ടേറിയറ്റിലും കളക്ടറേറ്റിലെ വകുപ്പ് മേധാവികളുടെ ഓഫീസിലും പഞ്ചിങ് നിർബന്ധമാക്കും.

മുൻപും ബയോമെട്രിക് പഞ്ചിങ് കർശനമാക്കാൻ ശ്രമിച്ചിരുന്നെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. ജോലി ചെയ്യാതെ ഓഫീസ് സമയത്ത് കറങ്ങി നടക്കുന്നത് തടയുക, ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കുക തുടങ്ങിയവയാണ് പഞ്ചിങ് കർശനമായി നടപ്പിലാക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്. 2018 ജനുവരി ഒന്ന് മുതൽ ബയോമെട്രിക് പഞ്ചിങ് സെക്രട്ടേറിയറ്റിൽ നിലവിലുണ്ട്. 2018 നവംബർ 1 മുതൽ മുഴുവൻ സർക്കാർ ഓഫീസിലേക്കും ഇതു വ്യാപിപ്പിക്കുമെന്നായിരുന്നു അന്നത്തെ പ്രഖ്യാപനം. അത് ഇതുവരെ നടക്കാത്ത സാഹചര്യത്തിലാണ് ചീഫ് സെക്രട്ടറിയുടെ അന്ത്യശാസനം. ജീവനക്കാരുടെ ഹാജർ സ്പാർക്കുമായി ബന്ധിപ്പിക്കാനാണ് കർശന നിർദ്ദേശം.

ഒരുകാരണവശാലും ഇനി സമയം നീട്ടിനൽകില്ലെന്നാണ് കലക്ടർമാർക്കും വകുപ്പ് മേധാവികൾക്കുമുള്ള ഉത്തരവ്. രാജ്ഭവൻ, ഹൈക്കോടതി, പിഎസ്‌സി വിവരാവകാശ കമ്മീഷൻ ഓഫീസ്, സർവകലാശാലകൾ തുടങ്ങി എല്ലാ ഓഫീസുകൾക്കും ഉത്തരവ് ബാധകമാണ്.

സെക്രട്ടറിയേറ്റിൽ ജീവനക്കാരുടെ മുങ്ങൽ തടയാൻ അടുത്ത ഘട്ടം എന്ന നിലയിൽ ഇപ്പോൾ ആക്സസ് കൺട്രോൾ സംവിധാനം നടപ്പിലാക്കും രാവിലെ പഞ്ച് ചെയ്ത് ഓഫീസിൽ നിന്നും പുറത്തുപോയി തിരികെ വന്ന് വൈകീട്ട് ഔട്ട് പഞ്ച് ചെയ്യാൻ കഴിയുന്ന പഴുത് ഒഴിവാക്കാനാണിത്. പഞ്ചിംഗ് കാർഡുമായി ഓഫീസിന് പുറത്തേക്ക് പോകുന്ന സമയമടക്കം അക്സസ് കാർഡ് ഉപയോഗിച്ച് തിരിച്ചറിയാനാകും.



# പ്രധാനമന്ത്രിക്കെതിരായ പരാമർശം: ബിലാവലിനെതിരെ രൂക്ഷ വിമർശനവുമായി ഇന്ത്യ, ഡൽഹിയിൽ പ്രതിഷേധം

**ന്യൂഡൽഹി:** പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരായ അധിക്ഷേപ പരാമർശത്തിൽ പാകിസ്താൻ വിദേശകാര്യമന്ത്രി ബിലാവൽ ഭൂട്ടോ സർദാരിയ്ക്കെതിരേ രൂക്ഷവിമർശനവുമായി ഇന്ത്യൻ വിദേശകാര്യമന്ത്രാലയം. മോദിക്കെതിരേ ഐക്യരാഷ്ട്രസഭയിൽ ബിലാവൽ നടത്തിയ പരാമർശത്തിലാണ് മന്ത്രാലയം പ്രതിഷേധം അറിയിച്ചത്. അതേസമയം, ബിലാവലിന്റെ പരാമർശത്തിനെതിരേ പ്രതിഷേധവുമായി ബി.ജെ.പി. പ്രവർത്തകരും രംഗത്തെത്തി. ഡൽഹിയിലെ പാകിസ്താൻ എംബസിക്കു മുന്നിലാണ് ബിലാവലിനെതിരായ പ്രതിഷേധവുമായി പ്രവർത്തകർ എത്തിയത്. ബി.ജെ.പിയുടെ ഡൽഹി ഘടകത്തിലെ പ്രവർത്തകരാണ് പ്രതിഷേധിച്ചത്. വർക്കിങ് പ്രസിഡന്റ് വീരേന്ദ്ര സച്ദേവയുടെ നേതൃത്വത്തിൽ പ്ലക്കാർഡുകളും ബാനറുമായാണ് ഇവർ എത്തിയത്. ബിലാവൽ മാപ്പു പറയണമെന്നും ഇവർ ആവശ്യപ്പെട്ടു.ബിലാവലിന്റെ പരാമർശത്തിനെതിരേ കേന്ദ്രമന്ത്രി അനുരാഗ് ഠാക്കൂർ ഉൾപ്പെടെയുള്ളവരും രംഗത്തെത്തി.

പാകിസ്താൻ ഭീകരവാദത്തെ പിന്തുണയ്ക്കുന്നെന്ന വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കറിന്റെ വിമർശനത്തിനു പിന്നാലെയാണ് ബിലാവലിന്റെ വിവാദ പ്രസ്താവന എത്തിയത്.





# തിരുവനന്തപുരം നഗരസഭയിൽ കൗൺസിലർമാർ തമ്മിൽ കയ്യാങ്കളി; മേയർ ഡയസിലെത്തിയത്

## പൊലീസ് സഹായത്തോടെ, ബി ജെ പി അംഗങ്ങൾക്ക് സസ്പെൻഷൻ

**തിരുവനന്തപുരം:** കത്ത് വിവാദത്തിൽ നഗരസഭ കൗൺസിൽ ഹാളിൽ പ്രതിപക്ഷ അംഗങ്ങളുടെ പ്രതിഷേധം. മേയർ ആര്യ രാജേന്ദ്രന്റെ രാജി ആവശ്യപ്പെട്ടാണ് പ്രതിഷേധം.

ബി ജെ പി വനിതാ കൗൺസിലർമാർ മേയറുടെ വഴി തടഞ്ഞു.

നിലത്ത് കിടന്ന് പ്രതിഷേധിച്ച പ്രതിപക്ഷ കൗൺസിലർമാരെ മറികടന്നാണ് ആര്യ രാജേന്ദ്രൻ ഡയസിലെത്തിയത്. പൊലീസും എൽ ഡി എഫ് വനിതാ കൗൺസിലർമാരും ഡയസിലെത്താൻ മേയറെ സഹായിച്ചു. പൊലീസും ബി ജെ പി കൗൺസിലർമാരും തമ്മിൽ ഉന്തും തള്ളുമുണ്ടായി.

പ്രതിപക്ഷ ബഹളത്തിനിടെ കൗൺസിൽ യോഗം തടസപ്പെട്ടു. തുടർന്ന് സി പി എം – ബി ജെ പി അംഗങ്ങൾ തമ്മിൽ കയ്യാങ്കളിയുണ്ടായി. പ്രതിഷേധിച്ച ബി ജെ പിയുടെ ഒൻപത് വനിതാ കൗൺസിലർമാരെ മേയർ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇവരെ കൗൺസിൽ ഹാളിൽ നിന്ന് പുറത്താക്കണമെന്ന് എൽ ഡി എഫ് കൗൺസിലർമാർ മൈക്കിലൂടെ ആവശ്യപ്പെട്ടു. സസ്പെൻഡ് ചെയ്തവരെ ബലപ്രയോഗത്തിലൂടെ നീക്കാനാണ് പൊലീസിന്റെ ശ്രമം.

# ബി ജെ പിയെ അധികാരത്തിൽ നിന്ന് താഴെയിറക്കും, ധൈര്യമുള്ളവ മാത്രം കോൺഗ്രസിൽ നിന്നാൽ മതിയെന്ന് രാഹുൽ ഗാന്ധി

**ന്യൂഡൽഹി :** ബി.ജെ.പിയെ അധികാരത്തിൽ നിന്ന് താഴെയിറക്കുമെന്ന് പ്രഖ്യാപിച്ച് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി.ബി.ജെ.പിയെ നേരിടാൻ ധൈര്യമില്ലാത്തവർക്ക് പാർട്ടി വിട്ടുപോകാമെന്നും രാഹുൽ ഗാന്ധി പറഞ്ഞു. ഭാരത് ജോഡോ യാത്ര നൂറുദിനം പിന്നിട്ടതിന്റെ പശ്ചാത്തലത്തിൽ രാജസ്ഥാനിൽ നടത്തിയ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു.

ജനലക്ഷങ്ങളുടെ മനസിൽ നിലനിൽക്കുന്ന പ്രത്യയശാസ്ത്രമാണ് കോൺഗ്രസിന്റേത്. തനിക്കെതിരെയും കോൺഗ്രസ് പാർട്ടിക്കെതിരെയും ആസൂത്രിതമായ അപവാദ പ്രചാരണം നടക്കുന്നുണ്ടെന്നും രാഹുൽ ആരോപിച്ചു. ഫാസിസത്തിനെതിരെ ഉറച്ച് നിൽക്കുന്ന പ്രത്യയശാസ്ത്രമുള്ള പാർട്ടിയാണ് കോൺഗ്രസെന്നും രാഹുൽ പറഞ്ഞു. കോൺഗ്രസിൽ ഒരു പ്രശ്നവും നിലവിലില്ല. അഭിപ്രായ വ്യത്യാസങ്ങൾ തുറന്നു പ്രകടിപ്പിക്കാനുള്ള ഇടം പാർട്ടിയിലുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കോൺഗ്രസ് എല്ലാ പ്രതിപക്ഷ പാർട്ടികളുമായി ചേർന്ന് പ്രവർത്തിക്കണമെന്നാണ് നിലപാട്. എന്നാൽ ഇക്കാര്യത്തിൽ തീരുമാനം പാർട്ടി അദ്ധ്യക്ഷൻ എടുക്കുമെന്നും രാഹുൽ വ്യക്തമാക്കി.

ചൈനയുടെ ഭീഷണിയിൽ സർക്കാർ ഉറക്കം നടിക്കുകയാണെന്നും രാഹുൽ ആരോപിച്ചു. ചൈനയുടെ ഭീഷണി എനിക്ക് കാണാം. കേന്ദ്ര സർക്കാർ ഉറങ്ങുകയാണ്. എന്നാൽ ചൈന യുദ്ധത്തിന് തയ്യാറെടുക്കുകയാണ്. സർക്കാർ അത് മറച്ചുവയ്ക്കുന്നുവെന്നും രാഹുൽ കുറ്റപ്പെടുത്തി. ഹിന്ദി മേഖലകളിൽ ഉൾപ്പെടെ ഭാരത് ജോഡോ യാത്ര വിജയമാണെന്നും രാഹുൽ ഗാന്ധി കൂട്ടിച്ചേർത്തു.

STUDY ABROAD
VISA 4STUDY
STUDY REDEFINED
KANHANGAD | KANNUR | THRISSUR | ERNAKULAM
STUDY@VISA4STUDY.IN
+91 9847386330
0467 2080331
ENQUIRE NOW
visa4study.in

### ആശാൻ

അപേക്ഷിച്ചു, കേട്ടില്ല; മദ്യദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകില്ല-നിതീഷ്



എല്ലാഭരണാധികാരികളും ഇങ്ങനെ ചിന്തിച്ചെങ്കിൽ

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം

നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്

പരാശക്തി ജ്യോതിഷ പീഠം
പോളി ജംഗ്ഷൻ – തൃപ്രയാർ
ഫോൺ: 9745205651, 9188205651
ജോത്സ്യൻ : ജി. എൻ. ബാബുജി
ജ്യോതിഷം, വെറ്റില ജ്യോതിഷം, താംബൂല പ്രശ്നം, അഷ്ടമംഗല പ്രശ്നം, ദേവ പ്രശ്നം, സ്വർണ്ണപ്രശ്നം, മഷിനോട്ടം, പരിഹാരം
മഹത്തായ യന്ത്രങ്ങൾ, ഏലസ്സുകൾ, വിദ്യാമഹാറാണി യന്ത്രം, സ്വയംവര യന്ത്രം, അർദ്ധനാരിശ്വരിയന്ത്രം, നെടുമംഗല്യം, അശ്വമേധം, സർപ്പഹരം, ഒമ്പത് ഗ്രഹങ്ങളുടേയും ദോഷപരിഹാരയന്ത്ര ഏലസ്സുകൾ, ഗരുഡമഹാമന്ത്ര യന്ത്ര ഏലസ്സ് എല്ലാ ദോഷപരിഹാരങ്ങൾക്കും

കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

# സർക്കാർ മുൻകൈയെടുക്കുമെന്നാണ് ജനങ്ങളുടെ പ്രതീക്ഷ

കേരളത്തിലെ പരിസ്ഥിതിലോല മേഖല നിർണയിക്കുന്നതുമായി ബന്ധപ്പെട്ട് ഏറെ നാളായി തർക്കങ്ങളും വിവാദങ്ങളും നിലനിൽക്കുകയാണ്. തങ്ങളുടെ ജീവിതവുമായി നേരിട്ടു ബന്ധപ്പെട്ടതായതിനാൽ ഈ പ്രദേശങ്ങളിലെ ജനങ്ങൾക്കാകട്ടെ ആശങ്ക തുടരുകയുമാണ്. കേരളത്തിൽ വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവയ്ക്കു ചുറ്റും ഒരു കിലോമീറ്റർ വീതിയിൽ ബഫർസോൺ വേണമെന്ന സുപ്രിം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായ പഠനം നടത്തിയിരുന്നു. തുടർന്ന് സംസ്ഥാന റിമോട്ട് സെൻസിങ് ആൻഡ് എൻവിറോൺമെന്റ് സെന്റർ തയാറാക്കിയ റിപ്പോർട്ട് അടിമുടി തകരാറുള്ളതാണെന്ന് ആക്ഷേപം ഉയരുകയാണ്. റിപ്പോർട്ടിനേക്കുറിച്ച് പഠിക്കാൻ ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ വിദഗ്ധ സമിതിയെ നിയോഗിച്ചു. എന്നാൽ, സമിതി പരിശോധിച്ചു സമർപ്പിച്ച റിപ്പോർട്ടിലും അവ്യക്തതകൾ നിലനിൽക്കുന്നതോടെ മലയോരമേഖലയിലാകെ ആശങ്കയും അസ്വസ്ഥതയും പടരുകയാണ്.

സംരക്ഷിത മേഖലയ്ക്കു ചുറ്റുമുള്ള ഭൂമി ഉപയോഗം, വീടുകൾ, കെട്ടിടങ്ങൾ, വാണിജ്യ കെട്ടിടങ്ങൾ, പൊതു മന്ദിരങ്ങൾ, കൃഷി ഭൂമി, വ്യവസായങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിശദവിവരങ്ങൾ നൽകണമെന്നാണ് സുപ്രിം കോടതിയുടെ നിർദേശം. ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയാണ് റിപ്പോർട്ട് തയാറാക്കിയത്. പരിസ്ഥിതി ലോല മേഖലയിലെ നിർമാണങ്ങൾ, കെട്ടിടങ്ങൾ, വീടുകൾ തുടങ്ങിയവ റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. ഒരു കിലോമീറ്ററിനപ്പുറത്തുള്ള ചില പ്രദേശങ്ങൾ ബഫർസോണിൽ ഉൾപെടുത്തിയിട്ടുമുണ്ട് ഇതുമൂലം തങ്ങളുടെ വീടും വസ്തുവും ബഫർസോണിലോ പുറത്തോ എന്നറിയാതെ കുഴങ്ങുകയാണ് ജനങ്ങൾ. മിക്ക ചെറിയ കെട്ടിടങ്ങളും റിപ്പോർട്ടിനൊപ്പമുള്ള ചിത്രങ്ങളിൽ വ്യക്തമല്ല. ആദ്യ റിപ്പോർട്ടിനേക്കുറിച്ച് പരാതിയുണ്ടായപ്പോഴാണ് വിദഗ്ധ സമിതിയെ നിയോഗിച്ചത്. വേണമെങ്കിൽ സ്ഥലപരിശോധന നടത്തി പിശകുകൾ പരിഹരിക്കാനാണ് സമിതിയെ നിയോഗിച്ചതെങ്കിലും അത്തരം ഇടപെടലുകളൊന്നും ഉണ്ടായതായി സൂചനയില്ല. പക്ഷേ, വിദഗ്ധ സമിതിയുടെ ഇടപെടൽ കൊണ്ടാണ് റിപ്പോർട്ട് ഇപ്പോഴെങ്കിലും പ്രസിദ്ധീകരിച്ചത്. റിപ്പോർട്ട് മൂന്നു മാസം മുൻപ വനം വകുപ്പിനു ലഭിച്ചിരുന്നു. പക്ഷേ, എന്തുകൊണ്ടോ അതു വെളിച്ചം കണ്ടില്ല. ഈ കാലതാമസം ജനങ്ങൾക്കു വിനയായെന്നു സാരം. റിപ്പോർട്ട് വിവാദമായതോടെ അതിൽ അനുബന്ധ വിവരങ്ങൾ ചേർക്കാൻ വനം വകുപ്പ് തീരുമാനിച്ചിരിക്കുകയാണ്. എന്നാൽ, ഈ കേസ് സുപ്രിം കോടതി അടുത്തമാസം 11-ന് പരിഗണിച്ചേക്കുമെന്നാണ് കരുതുന്നത്. അതിനു മുൻപായി ഈ മാസം 23-നകം റിപ്പോർട്ട് സംബന്ധിച്ച പരാതി സമർപ്പിക്കണമെന്നാണ് സർക്കാർ അറിയിച്ചിട്ടുള്ളത്. റിപ്പോർട്ടും അനുബന്ധ റിപ്പോർട്ടും പരിശോധിച്ച ശേഷം ഈ ചുരുങ്ങിയ കാലാവധിക്കുള്ളിൽ ആക്ഷേപങ്ങൾ അറിയിക്കാൻ എല്ലാവർക്കും സാധിക്കുമോ എന്നു സംശയമാണ്. ബഫർസോൺ മേഖലയിൽ ഫീൽഡ് തലത്തിൽ പരിശോധന നടത്താതെ റിപ്പോർട്ടിലെ അപാകത പരിഹരിക്കാനാവില്ലെന്നാണ് ജനം ചൂണ്ടിക്കാട്ടുന്നത്. ബഫർസോണിൽ ഭൂരിപക്ഷവും കാർഷിക മേഖലയിലാണ്. പലവിധ പ്രതിസന്ധികളോട് പടവെട്ടി ജീവിക്കുന്നവരാണ് കുടിയേറ്റ മേഖലയിലുള്ള കർഷകർ. അവരെ ഇത്തരം പ്രതിസന്ധികളിലേക്ക് വലിച്ചിഴയ്ക്കുന്നത് ഭൂഷണമല്ല. ബഫർസോൺ സംബന്ധിച്ച റിപ്പോർട്ട് കുറ്റമറ്റ രീതിയിൽ തയാറാക്കാൻ സർക്കാർ മുൻകൈയെടുക്കുമെന്നാണ് ജനങ്ങളുടെ പ്രതീക്ഷ



# ഭീകരവാദത്തിന്റെ ഉത്ഭവം എവിടെനിന്നാണെന്ന് ലോകം മറന്നിട്ടില്ല; പാകിസ്താനെ ഉന്നംവച്ച് വിദേശകാര്യമന്ത്രി

യുണൈറ്റഡ് നേഷൻസ്: പാകിസ്താനെതിരേ അതിരൂക്ഷ വിമർശനവുമായി വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ. പാകിസ്താനെ ഭീകരവാദത്തിന്റെ പ്രഭവകേന്ദ്രമായാണ് ലോകം കാണുന്നതെന്ന് അദ്ദേഹം പറഞ്ഞു.

യു.എന്നിൽ ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന ഗ്ലോബൽ കൗണ്ടർ ടെററിസം അപ്രോച്ച്: ചലഞ്ചസ് ആൻഡ് ഫോർവേഡ് എന്ന പരിപാടിക്ക് പിന്നാലെ മാധ്യമപ്രവർത്തകരോടു പ്രതികരിക്കുകയായിരുന്നു അദ്ദേഹം. രണ്ടുകൊല്ലത്തെ കോവിഡ് മഹാമാരി സൃഷ്ടിച്ച ഓർമക്കുറവുണ്ടെങ്കിലും എവിടെനിന്നാണ് ഭീകരവാദത്തിന്റെ ഉത്ഭവം എന്ന കാര്യം അന്താരാഷ്ട്രസമൂഹം മറന്നിട്ടില്ലെന്നും പാകിസ്താനെ ഉന്നംവെച്ച് ജയ്ശങ്കർ വിമർശിച്ചു.

രണ്ട്- രണ്ടരക്കൊല്ലമായി കോവിഡിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ് നാം. അതിന്റെ ഫലമായി നമ്മളിൽ ഒരുപാടുപേർക്ക് ഓർമക്കുറവുമുണ്ടാകും. എന്നാൽ ഭീകരവാദം എവിടെനിന്നാണ് ഉത്ഭവിക്കുന്നത് എന്നതും ആ പ്രദേശത്തും അതിനപ്പുറത്തും അവരുടെ വിരലടയാളം പതിഞ്ഞ നിരവധി കാര്യങ്ങൾ നടന്നിട്ടുണ്ടെന്നതും ലോകം മറന്നിട്ടില്ലെന്ന് എനിക്ക് ഉറപ്പു പറയാനാകും, ജയ്ശങ്കർ പറഞ്ഞു.

പാകിസ്താൻ വിദേശകാര്യമന്ത്രി ഹിന റബ്ബാനി ഖേർ ഈയടുത്തു നടത്തിയ ഒരു പ്രസ്താവനയുമായി ബന്ധപ്പെട്ട ചോദ്യത്തിനായിരുന്നു ജയ്ശങ്കറിന്റെ മറുപടി. ഭീകരവാദത്തെ ഇന്ത്യയെക്കാൾ നന്നായി ഉപയോഗിച്ച മറ്റൊരു രാജ്യവുമില്ല എന്നായിരുന്നു ഹിനയുടെ പരാമർശം.





# അപേക്ഷിച്ചു, കേട്ടില്ല; മദ്യദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകില്ല-നിതീഷ്

പറ്റ്ന: വ്യാജമദ്യ ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകില്ലെന്ന് ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ. നിയമസഭയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. 53 പേർ മരിക്കാനിടയായ ശരൺ ജില്ലയിലുണ്ടായ വ്യാജമദ്യ ദുരന്തത്തിന്റെ പശ്ചാത്തലത്തിലായിരുന്നു നിതീഷ് കുമാറിന്റെ പ്രസ്താവന.

മദ്യദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് ഒരു നഷ്ടപരിഹാരവും നൽകില്ല. മദ്യപിക്കുന്നവർ മരിക്കുമെന്നും മദ്യപിക്കരുതെന്നും ജനങ്ങളോട് അപേക്ഷിച്ചിരുന്നതാണ്. മദ്യപാനത്തിന് അനുകൂലമായി സംസാരിക്കുന്നവർ നിങ്ങൾക്ക് ഒരു ഗുണവുമുണ്ടാക്കില്ല, നിതീഷ് കുമാർ നിയമസഭയിൽ പറഞ്ഞു.

നിതീഷ് കുമാറിന്റെ പരാമർശത്തിനെതിരേ ബിജെപി ശക്തമായ പ്രതിഷേധവുമായി രംഗത്തെത്തി. വ്യാഴാഴ്ച ബിജെപി എംഎൽഎമാർ പ്രതിഷേധവുമായി നിയമസഭയുടെ നടുത്തളത്തിലിറങ്ങിയിരുന്നു. നിതീഷ് കുമാർ മുഖ്യമന്ത്രിസ്ഥാനം രാജിവെക്കണമെന്നാവശ്യപ്പെട്ടായിരുന്നു പ്രതിഷേധം. ഇക്കാര്യം ആവശ്യപ്പെട്ട് ബിജെപി അംഗങ്ങൾ വെള്ളിയാഴ്ച ഗവർണറെ കാണുന്നുണ്ട്.

# വിമർശിച്ചവർക്ക് മസ് കിന്റെ പൂട്ട്: മാധ്യമപ്രവർത്തകരുടെ ട്വിറ്റർ അക്കൗണ്ട് സസ്പെൻഡ് ചെയ്തു

സാൻഫ്രാൻസിസ്കോ: വാഷിങ്ടൺ പോസ്റ്റിലേയും ന്യൂയോർക്ക് ടൈംസിലേയും ഉൾപ്പടെ നിരവധി മാധ്യമപ്രവർത്തകരുടെ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്ത് ടിറ്റർ. അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യപ്പെട്ടതിന് കാരണം എന്താണെന്ന് വ്യക്തമല്ല. എന്നാൽ അടുത്തകാലത്തായി ഇലോൺ മസ്കിനെ കുറിച്ചും അദ്ദേഹം ടിറ്റർ വാങ്ങിയതിന് ശേഷമുള്ള മാറ്റങ്ങളെ കുറിച്ചുമെല്ലാം എഴുതിയ മാധ്യമപ്രവർത്തകരുടെ ടിറ്റർ അക്കൗണ്ടുകളാണ് പൂട്ടിപ്പോയത്.

ടിറ്ററിന്റെ ഡോക്സിങ് റൂൾ മറ്റെല്ലാവരെയും പോലെ മാധ്യമപ്രവർത്തകർക്കും ബാധകമാണ് എന്നാണ് ഇതുമായി ബന്ധപ്പെട്ട ഒരു ട്വീറ്റിന് ഇലോൺ മസ്ക് മറുപടി നൽകിയത്. മറ്റുള്ളവരുടെ വ്യക്തിവിവരങ്ങൾ പൊതുമധ്യത്തിൽ പങ്കുവെക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാണ് ടിറ്ററിന്റെ ഡോക്സിങ് റൂൾ. വ്യാഴാഴ്ച മസ്കിന്റെ സ്വകാര്യ ജെറ്റ് വിമാനത്തിന്റെ യാത്ര തത്സമയം പിന്തുടർന്ന് വിവരങ്ങൾ പങ്കുവെച്ചിരുന്ന അക്കൗണ്ട് ടിറ്റർ സസ്പെൻഡ് ചെയ്തിരുന്നു. ഡോക്സിങ് റൂൾ അടിസ്ഥാനമാക്കിയാണ് മാധ്യമപ്രവർത്തകരുടേയും അക്കൗണ്ടുകൾ പൂട്ടിയത് എന്നാണ് സൂചന.

എല്ലാ ദിവസവും എന്നെ വിമർശിക്കുന്നതിൽ കുഴപ്പമില്ല. എന്നാൽ ഞാൻ നിൽക്കുന്ന സ്ഥലത്തിന്റെ തത്സമയ വിവരം പങ്കുവെക്കുന്നതും കുടുംബത്തെ അപകടത്തിലാക്കുന്നതും അങ്ങനെയല്ല. മറ്റൊരു ട്വീറ്റിൽ മസ്ക് പറഞ്ഞു.

അഭിപ്രായ സ്വാതന്ത്ര്യം നടപ്പിലാക്കുമെന്ന് കൊട്ടിഘോഷിച്ചയാളാണ് ഇലോൺ മസ്ക്. പക്ഷെ, അഭിപ്രായ സ്വാതന്ത്ര്യം എന്നാൽ അക്കൗണ്ട് നിരോധിക്കില്ല എന്ന് അർത്ഥമാക്കുന്നില്ലെന്ന് ഇപ്പോൾ മസ്ക് പറയുന്നു.

ന്യൂയോർക്ക് ടൈംസ് റിപ്പോർട്ടർ റയാൻ മാക്ക്, വാഷിങ്ടൺ പോസ്റ്റ് റിപ്പോർട്ടർ ഡ്ര്യൂ ഹാർവെൽ, സിഎൻഎൻ റിപ്പോർട്ടർ ഡോണി ഒ സള്ളിവൻ, മാഷബിൾ റിപ്പോർട്ടർ മാറ്റ് ബൈൻഡർ, എന്നവർ അക്കൗണ്ട് സസ്പെൻഡ് ചെയ്യപ്പെട്ടവരിൽ ചിലരാണ്. യുഎസിന്റെ നയങ്ങളും രാഷ്ട്രീയവും റിപ്പോർട്ട് ചെയ്തിരുന്ന സ്വതന്ത്ര മാധ്യമപ്രവർത്തകൻ ആരോൺ റുപാറിന്റെ അക്കൗണ്ടും സസ്പെൻഡ് ചെയ്തു.

ഇലോൺ മസ്കിന്റെ സർവ്വാധിപത്യവും വ്യക്തിതാൽപര്യങ്ങളും മാത്രം അടിസ്ഥാനമാക്കിയാണ് ഇപ്പോൾ ടിറ്റർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ടിറ്ററിന്റെ നയങ്ങളിൽ പോലും സ്ഥിരത നഷ്ടപ്പെട്ടിരിക്കുന്നു. കടുത്ത ജോലി സമ്മർദ്ദം മൂലം ഒരു വശത്ത് ജീവനക്കാർ ടിറ്ററിനെ കയ്യൊഴിഞ്ഞുകൊണ്ടിരിക്കുമ്പോൾ മറുവശത്ത് മസ്കിന്റെ ഇടപെടലുകൾ കൊണ്ട് ഉപഭോക്താക്കളും ടിറ്ററിനെ കയ്യൊഴിയുന്ന സ്ഥിതിയാണുള്ളത്. മാസ്റ്റഡൺ എന്ന സോഷ്യൽ മീഡിയാ വെബ്സൈറ്റിലേക്കാണ് മിക്ക ടിറ്റർ ഉപഭോക്താക്കളും ചേക്കേറിക്കൊണ്ടിരിക്കുന്നത്. എതിരാളിയായ ഈ സോഷ്യൽ മീഡിയാ സേവനത്തിന്റെ ഔദ്യോഗിക ടിറ്റർ അക്കൗണ്ടും സസ്പെൻഡ് ചെയ്യപ്പെട്ടിട്ടുണ്ട്.

# ലഡാക്കോ അരുണാചലോ പിടിച്ചെടുക്കാനല്ല അതിർത്തിയിൽ ചൈന പ്രശ്നമുണ്ടാക്കുന്നത്, ചീനന്മാർക്ക് സഹിക്കാൻ കഴിയാത്ത മറ്റൊരു കാര്യം ഇന്ത്യയിൽ നടക്കുന്നുണ്ട്

ന്യൂഡൽഹി: ആണവശക്തികളായ ഇന്ത്യയും ചൈനയും തമ്മിൽ ഒരു യുദ്ധം ആസന്നമാണോ? ലോക രാജ്യങ്ങൾ പരസ്പരം ചോദിച്ചു തുടങ്ങിയിരിക്കുന്നു.

എന്താകും ഒരു ഇന്ത്യ- ചൈന യുദ്ധമുണ്ടായാൽ സംഭവിക്കുക? അടുത്ത കാലത്തൊന്നും അത്തരത്തിൽ ഇന്ത്യയും ചൈനയും നേർക്കുനേർ ഏറ്റുമുട്ടില്ല എന്നത് തന്നെ കാരണം. എന്താകും അങ്ങനെ ഉറപ്പിച്ചു പറയാൻ കാരണം. കാരണമുണ്ട്. ചൈനയുടെ ലക്ഷ്യം മറ്റു ചിലതാണ്.

1. ആണവ ശക്തികളുടെ ഏറ്റുമുട്ടലിന്റെ ഫലം പ്രവചനാതീതമാണ്. അത് ഇന്ത്യയെ പോലെ തന്നെ ചൈനക്കും വ്യക്തമായി അറിയാം.

2. ചൈനക്ക് താല്പര്യം ഇന്ത്യയെ അതിർത്തിവിഷയത്തിൽ തളച്ചിടുക മാത്രം.

3. ഇന്ത്യയുടെ ആത്മവീര്യം തളർത്തുക, അതിർത്തികളിൽ അശാന്തി തുടരുക.

4. ഇന്ത്യ ആഗോള സാമ്ബത്തിക ശക്തിയായി വളരുന്നതിലെ ആശങ്ക.

5. ചൈന വിട്ടു കൂടുമാറുന്ന 'ആപ്പിൾ' അടക്കം ഇന്ത്യയിലേക്ക് വരുന്നത് തടയുക

6. തായ്‌വാൻ കമ്ബനികൾ ഇന്ത്യയിൽ ചിപ്പ് നിര്മാണത്തിനെത്തുന്നത് തടയുക

7. റഷ്യയിൽ നിന്നും സൗദിയിൽ നിന്നും ഇന്ത്യയെ പറിച്ചു മാറ്റി ആ സ്ഥാനത്തിരിക്കുക

8. ഇന്ത്യസയുടെ ആത്മനിർബർ ഭാരത്തിന്റെ നട്ടെല്ലൊടിക്കുക

9. യുദ്ധ പ്രകോപനം ഉണ്ടായാൽ ഇന്ത്യ അതിർത്തിയിൽ വിന്യസിക്കുന്ന ആയുധങ്ങളുടെ ശേഷി കണ്ടറിയുക

10. പാകിസ്ഥാൻ അതിർത്തിയിലേതു പോലെ ഒരു സിറ്റുവേഷൻ അരുണാചൽ, അസാം അതിർത്തികളിൽ ഉണ്ടാക്കി എടുക്കുക

ഏറ്റവും പ്രധാനം ആയി ചൈനയുടെ ലക്ഷ്യം ഇനി പറയുന്ന രണ്ടെണ്ണം ആണ്.

11. ഇന്ത്യ സദാ സംഘർഷ ഭരിതമാണെന്നും, ഇന്ത്യയിലേക്ക് വ്യാവസായിക, സാമ്ബത്തിക, സൈനിക മേഖലകളിൽ നിക്ഷേപം കൊണ്ടുവരുന്നതു സുരക്ഷിതം അല്ലെന്നും ലോക രാജ്യങ്ങൾക്കിടയിൽ ഒരു പുകമറ സൃഷ്ടിക്കുക.

12. ചൈനീസ് പ്രസിഡന്റ് ഷി ജിൻ പിംഗ് അനിഷേധ്യനും, പരമാധികാരിയുമായ നേതാവാണെന്ന് ചൈനീസ് ജനതക്കും, ചൈനീസ് സൈനിക ഘടകങ്ങലക്കും മുന്നിൽ വരുത്തി തീർക്കുക. കാരണം ഷി ക്ക് തന്റെ മൂന്നാം വട്ട കസേരയിലെ ഇരുപ്പു അത്ര നല്ല സുഖം നൽകുന്നില്ല.

ഈ 12 പോയിന്റുകളിലാണ് ചൈനയുടെ ഇപ്പോഴത്തെ നയതന്ത്ര ഞാണിന്മേൽക്കളി. അതുകൊണ്ടു തന്നെയാണ് ഒരു കാരണവും കൂടാതെ ചൈന ഇപ്പോൾ അരുണാചലിലെ യാങ്‌സെയിൽ കടന്നു കയറാൻ ശ്രമിച്ചതും.

എന്തിനു യാങ്‌സെ? ചൈന എന്തിനു ഇപ്പോൾ അരുണാചലിലെ യാങ്‌സെയിൽ ഒരു കടന്നു കയറ്റത്തിന് ശ്രമിച്ചു? അത്ര പ്രാധാന്യമുണ്ടോ ലഡാക്കിനെക്കാൾ യാങ്‌സെക്ക്?

ഇന്ത്യ- ചൈന അതിർത്തിയിൽ എട്ട് സ്ഥലങ്ങൾ അതിർത്തി തർക്ക പ്രദേശങ്ങൾ ആയി ഇരു രാജ്യങ്ങളും അംഗീകരിച്ചിട്ടുണ്ട്. രസകരമായ കാര്യം ഇതിൽ ഏഴ് സ്ഥലങ്ങളും ചൈനയുടെ പക്കലാണ്. ഇന്ത്യയുടെ അതിർത്തിക്കുള്ളിൽ യാങ്‌സെ മാത്രം. അതാണ് ചൈനയുടെ ഇപ്പോഴത്തെ വിചിത്രമായ അവകാശ വാദം. അപ്പോൾ അത്യാർത്തി ഒന്നു മാത്രമാണ് ഇതിനു പിന്നിൽ. കാരണം ഇന്ത്യൻ ഭാഗത്തു കിഴക്കാം തൂക്കായ പ്രദേശമാണിത്. ഇന്ത്യൻ സൈന്യത്തെ പർവതമുകളിൽ എത്തിക്കാൻ ഏറെ പ്രയാസകരമാണ്. പക്ഷേ ചൈനക്ക് വലിയ ബുദ്ധിമുട്ടില്ലാതെ മുകളിൽ കൂടി യാങ്‌സെയിലെത്താം.

പാങ്കോങിലെ കടന്നു കയറ്റത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യ ഇവിടെ സൈനിക നിരീക്ഷണം വർദ്ധിപ്പിച്ചിരുന്നു. അതുകൊണ്ടു തന്നെയാണ് മണിക്കൂറുകൾക്കുള്ളിൽ ചൈനീസ് സാന്നിധ്യം കണ്ടെത്താനായതും. പിന്നെ പാങ്കോങ് പ്രദേശത്തു ചൈനീസ് സൈനികർ കൈയടക്കാൻ കാരണം അവിടെ ഇന്ത്യൻ സൈന്യത്തിന്റെ സാന്നിധ്യം അന്ന് ഉണ്ടായിരുന്നില്ല. അവിടെ പട്രോളിംഗിനെത്തിയ ചൈനീസ് സംഘം ബലമായി നിലയുറപ്പിക്കുകയായിരുന്നു. പക്ഷെ യാങ്‌സെയിൽ അങ്ങനല്ല കാര്യങ്ങൾ. ഇത് ഇന്ത്യൻ അതിർത്തിക്കുള്ളിൽ അരുണാചലിൽ ഇന്ത്യൻ സൈന്യത്തിന്റെ കാവലുള്ള പ്രദേശമാണ്. എന്നിട്ടും ചൈന കടന്നു കയറിയെങ്കിലും അതിനെ ന്യായീകരിക്കാനാകാത്ത വൻവിഡ്ഢിത്തം എന്ന് വേണം പറയാൻ.

നേരത്തെ പറഞ്ഞത്തു പോലെ ഇന്ത്യയും ചൈനയും തമ്മിൽ രക്തച്ചൊരിച്ചിൽ ഒന്നും ഉണ്ടാകില്ല കുറെ കാലത്തേക്കെങ്കിലും. കാരണം രണ്ടു ആണവ ശാക്തീകൾ ഏറ്റുമുട്ടിയാൽ അതിന്റെ ഫലം അതിഭീകരം ആയിരിക്കും. ആണവ പോർമുനകൾ ഇന്നത്തെ ലോക സാഹചര്യത്തിൽ ചൈന പോലും എടുത്തു പ്രയോഗിക്കില്ലെങ്കിലും അതിനു തൊട്ടുതാഴെയുള്ള ശ്രേണിയിൽ പെട്ട ആയുധങ്ങളുമായി ഇരു രാജ്യങ്ങളും മാറ്റുരച്ചേക്കാം. ചൈനക്കുള്ളത് പോലെ ഇന്ത്യക്കും ചൈനക്കുള്ളിൽ കയറി നാശം വിതക്കാൻ കഴിവുള്ള മിസൈലുകൾ ഉണ്ട്. അതിനൊന്നും ചൈന തത്കാലം മുതിരില്ല.സമാധാനപ്രിയരായ ഇന്ത്യ ഒരിക്കലും മുതിരില്ല എന്നുറപ്പ്.

പിന്നെ ഇന്ത്യ സാമ്ബത്തിക ശക്തിയായി വളരുന്നത് കണ്ടു നില്ക്കാൻ ചൈനക്ക് ആകുന്നില്ല എന്നത് മറ്റൊരു സത്യമാണ്. കാരണം കൊവിഡിന് ശേഷം ചൈന പാപ്പരായി മാറുകയാണ്. ആഫ്രിക്കൻ, ഏഷ്യൻ രാജ്യങ്ങൾക്കു ബില്യണുകൾ ചൈനീസ് ബാങ്കുകൾ വായ്പ നൽകിയിട്ടുണ്ട്. ഇവയൊന്നും തിരിച്ചടവില്ലാതെ മുടങ്ങിക്കിടക്കുന്ന അവസ്ഥയാണ്. കൊവിഡ് ചൈനക്കുള്ളിലുണ്ടാക്കിയ ആഭ്യന്തര സാമ്ബത്തിക മരവിപ്പ് മറ്റൊരു പ്രതിസന്ധി.

മൂന്നാം വട്ടം അധികാരത്തിൽ തുടരുന്ന ഷി ജിൻ പിങ്ങിന് തന്റെ അടിത്തറ ഇളകുകയാണോ എന്ന തോന്നലുണ്ട്. കൊവിടഡിൽ ജനം എതിരായി. സൈനിക ഘടകത്തിലെ മുതിർന്ന ഓഫീസർമാരിൽ ചിലർ സ്ഥാന ചലനത്തോടെ ഷിക്കെതിരായിരിക്കുന്നു. ഇത് മറികടന്ന് പരമാധികാരം തിരികെ കൊണ്ടുവരാനുള്ള ഷി ജിംഗ് പിങിന്റെ തന്ത്രമാണ് ഇന്ത്യയ്ക്കെതിരെയുള്ള യുദ്ധഭീഷണി. ചൈനയിലെ ആഭ്യന്തര പ്രശ്നങ്ങൾ, കൊവിഡിന്റെ പേരിലുള്ള അമിത നിയന്ത്രണങ്ങൾ എന്നിവയിൽ മനം മടുത്ത് ചൈന വിടുന്ന ആപ്പിൾ അടക്കമുള്ള കമ്ബനികൾ ഇന്ത്യയിലേക്ക് വരികയാണ്. അത്



ചൈനയുടെ നട്ടെല്ല് ഒടിക്കുന്നതിനു തുല്യമാണ്. ഇത് ഷി അനുവദിക്കില്ല. അതിനാലാണ് അരുണാചലിലും ലഡാക്കിലും സദാ സംഘർഷം സൃഷ്ടിക്കുന്നത്.

ലഡാക്കിലും അരുണാചലിലും നടന്നു കൊണ്ടിരിക്കുന്നത് മാത്രമല്ല ഇന്ത്യൻ മഹാസമുദ്രത്തിലെ ചൈനീസ് ചാരകപ്പലുകിലെ റഡാറുകൾ ഇന്ത്യയിലേക്ക് തിരിച്ചു വച്ച് ഇന്ത്യൻ സൈനിക വിന്യാസത്തിന്റെ നീക്കങ്ങൾ അറിയാനും ചൈന ശ്രമിക്കുന്നു. അതുകൊണ്ടു തന്നെ ലഡാക്കിലും അരുണാചലിലെ ഇന്ത്യൻ കര വ്യോമ സേനകളും, ഇന്ത്യൻ മഹാസമുദ്രത്തിൽ വ്യോമ നാവിക സേനകളും സദാ ജാഗരൂകർ തന്നെയാണ്. നയതന്ത്ര തലത്തിൽ ഇന്ത്യയുടെ ഓരോ ചുവടുവയ്പ്പുകളും സുശക്തം ആണ്. ഓരോ നീക്കങ്ങളും ചടുലമാണ്. അതിനു മറുപടി മുഖത്തു നോക്കി നൽകാൻ മാത്രം തത്കാലത്തേക്ക് ചൈനക്ക് ആകുന്നില്ല. റഷ്യയും അമേരിക്കയും യൂറോപ്പ്യൻ യൂണിയനിൽ ഒന്നുരണ്ടു രാജ്യങ്ങൾ ഒഴികെ മറ്റെല്ലാവരും ഇന്ത്യക്കൊപ്പമാണെന്നും ചൈനക്കറിയാം.



# ശബരിമല തീർത്ഥാടകർ സഞ്ചരിച്ച വാഹനം മറിഞ്ഞ് പത്ത് വയസുകാരി മരിച്ചു, 16 പേർക്ക് പരിക്ക്

കോട്ടയം : എരുമേലി കണ്ണിമലയിൽ ശബരിമല തീർത്ഥാടകർ സഞ്ചരിച്ചിരുന്ന വാഹനം നിയന്ത്രണം വിട്ട് മറിഞ്ഞ് പത്ത് വയസുകാരി മരിച്ചു. 16 തീർത്ഥാടകർക്ക് പരിക്ക്. ചെന്നൈ താംബരം സ്വദേശിനി സംഘമിത്രയാണ് മരിച്ചത്. മുണ്ടക്കയം എരുമേലി സംസ്ഥാന പാതയിൽ വൈകിട്ട് 3.15 ഓടെയായിരുന്നു അപകടം. ചെന്നൈയിൽ നിന്ന് ശബരിമലയിലേയ്ക്ക് പോയ തീർത്ഥാടകർ സഞ്ചരിച്ചിരുന്ന വാഹനമാണ് അപകടത്തിൽപ്പെട്ടത്. തീർത്ഥാടകർ ചെന്നൈ താംബരം സ്വദേശികളാണ്.കണ്ണിമല ഇറക്കത്തിൽ നിയന്ത്രണം നഷ്ടമായ വാഹനം ക്രാഷ് ബാരിയർ തകർത്ത് കുഴിയിലേയ്ക്ക് മറിയുകയായിരുന്നു. വാഹനത്തിൽ ആകെ 21 പേരാണുണ്ടായിരുന്നത്. പരിക്കേറ്റവരെ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിലേക്ക് മാറ്റി



# ദേശീയപാത വികസനത്തിൽ ജനങ്ങളെ മുഖ്യമന്ത്രിയും സി പി എമ്മും തെറ്റിദ്ധരിപ്പിക്കുന്നു; പണം നൽകുന്നത് കേരളം മാത്രമല്ലെന്ന് വി മുരളീധരൻ

ന്യൂഡൽഹി: ദേശീയപാത വികസനത്തിൽ കേരളത്തിലെ ജനങ്ങളെ സർക്കാരും സി പി എമ്മും തെറ്റിദ്ധരിപ്പിക്കുകയാണെന്ന് കേന്ദ്രമന്ത്രി വി മുരളീധരൻ. ദേശീയപാത സ്ഥലമേറ്റെടുപ്പിന് കേരളം മാത്രമാണ് ഇരുപത്തിയഞ്ച് ശതമാനം പണം നൽകുന്നതെന്ന മുഖ്യമന്ത്രിയുടെ വാദം തെറ്റാണെന്നും അദ്ദേഹം പറഞ്ഞു. ഫ്ലക്സുകളിലൂടെയും ചർച്ചകളിലൂടെയും സി പി എം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും, സ്ഥലമേറ്റെടുപ്പിന് മറ്റ് സംസ്ഥാനങ്ങൾ അൻപത് ശതമാനം പണം നൽകുമ്പോൾ കേരളം ഇരുപത്തിയഞ്ച് ശതമാനം മാത്രമാണ് നൽകുന്നതെന്നും മുരളീധരൻ ഡൽഹിയിൽ മാദ്ധ്യമങ്ങളോട് പറഞ്ഞു. ചെന്നൈ തൊട്ട് മധുര വരെ നാല് വരി എലിവേറ്റഡ് ഹൈവേയ്ക്ക് ഭൂമി ഏറ്റെടുക്കലിനും മറ്റുമായുള്ള 470 കോടി ചെലവിൽ പകുതിയും തമിഴ്നാട് സർക്കാർ വഹിക്കുന്നുണ്ട്. പഞ്ചാബിൽ ലെഡോവിൽ ബൈപ്പാസിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പകുതി ചെലവും സംസ്ഥാന സർക്കാരാണ് വഹിച്ചത്. കേരളത്തിലെ മുഖ്യമന്ത്രിയെ ആരെങ്കിലും തെറ്റിദ്ധരിപ്പിച്ചതായിരിക്കും. കേരളം കൂടി സഹകരണ ഫെഡറലിസം നടപ്പാക്കുന്നതിന്റെ ഭാഗമാകുന്നതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# സംസ്ഥാനത്തേക്ക് വലിയ അളവിൽ എം ഡി എം എ കൊടുത്തയച്ചത് പാലസ്തീൻ, സുഡാൻ സ്വദേശികൾ ; കെൻ എന്ന വിളിപ്പേര് മാത്രം വച്ച്പ്രതിയെ പൂട്ടി കേരള പൊലീസ്

കേരളത്തിലേക്ക് വലിയ അളവിൽ എം ഡി എം എ അടക്കമുള്ള മാരക ലഹരി കടത്തിയ സംഘത്തെ വേരുകളോടെ അകത്താക്കി തൃശൂർ പൊലീസ്. അന്വേഷണം കാരിയർമാരിൽ മാത്രം ഒതുക്കാതെ കിട്ടിയ തുമ്ബുമായി മറ്റ് സംസ്ഥാനങ്ങളിലേക്കും അന്വേഷണം വ്യാപിപ്പിക്കുകയായിരുന്നു. 2022 മെയ് മാസം 13 ന് മണ്ണുത്തിയിൽ നടത്തിയ വാഹന പരിശോധനക്കിടെ ചാവക്കാട് സ്വദേശി ബുർഹാനുദ്ദീൻ എന്നയാളിൽ നിന്നും 196 ഗ്രാം പിടികൂടിയതോടെയാണ് അന്വേഷണത്തിന് തുടക്കം കുറിച്ചത്. ഇയാളെ ചോദ്യം ചെയ്തതിൽ നിന്നും സുഡാൻ സ്വദേശി മുഹമ്മദ് ബാബിക്കർ അലി, പാലസ്തീൻ സ്വദേശി ഹസൻ എന്നിവരെക്കുറിച്ചുള്ള വിവരം ലഭിച്ചു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഇരുവരേയും ബാംഗ്ലൂരിൽ നിന്നും 300 ഗ്രാം എം ഡി എം എ അടക്കം പിടികൂടി. എന്നാൽ ഇവരുടെയെല്ലാം തലവൻ കെൻ എന്ന വിളിപ്പേരുള്ള നൈജീരിയക്കാരനാണെന്ന് മനസിലാക്കിയ പൊലീസ് അയാൾക്കായി വല വിരിച്ചു. കെൻ എന്ന പേരല്ലാത മറ്റൊരു വിവരവും പൊലീസിന് ഇയാളെ കുറിച്ചുണ്ടായിരുന്നില്ല. ഡൽഹിയിലെത്തി വേഷം മാറിയും വിവിധ പേരുകൾ സ്വീകരിച്ചും രഹസ്യാന്വേഷണം നടത്തിയുമാണ് ഇയാളെക്കുറിച്ചുള്ള മറ്റുവിവരങ്ങൾ ശേഖരിച്ചത്. തുടർന്ന് ന്യൂഡൽഹിയിലെ നൈജീരിയൻ കോളനിയിൽ നിന്നും ഇയാളെ സാഹസികമായി അറസ്റ്റു ചെയ്തത്. ഈ അറസ്റ്റിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പൊലീസ് ഫേസ്ബുക്ക് പേജിൽ കുറിച്ചു.

ഫേസ്ബുക്ക് കുറിപ്പിന്റെ പൂർണരൂപം

കേരളത്തിലേക്ക് എം.ഡി.എം.എ കടത്തുന്ന നൈജീരിയക്കാരൻ പിടിയിൽ

ഡൽഹി കേന്ദ്രീകരിച്ച് കേരളമടക്കമുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് സിന്തറ്റിക് മയക്കുമരുന്നുകൾ കടത്തുന്ന നൈജീരിയക്കാരൻ പിടിയിൽ. മയക്കുമരുന്ന് ചില്ലറവില്പനക്കാർക്കിടയിൽ കെൻ എന്നറിയപ്പെടുന്ന എബൂക്ക വിക്ടർ അനയോയെ (27) ഡൽഹി നൈജീരിയൻ കോളനിയിൽ നിന്നുമാണ് തൃശൂർ സിറ്റി പൊലീസിന്റെ ലഹരിവിരുദ്ധ സ്ക്വാഡ് പിടികൂടിയത്. 2022 മെയ് മാസം 13 ന് മണ്ണുത്തിയിൽ നടത്തിയ വാഹന പരിശോധനക്കിടെ ചാവക്കാട് സ്വദേശി ബുർഹാനുദ്ദീൻ എന്നയാളിൽ നിന്നും 196 ഗ്രാം ങളങഅ പിടികൂടിയിരുന്നു. ഇയാളെ വിശദമായി ചോദ്യം ചെയ്തതിൽ ഇവർക്ക് മയക്കുമരുന്ന് വിതരണം ചെയ്യുന്ന സുഡാൻ സ്വദേശി മുഹമ്മദ് ബാബിക്കർ അലി, പാലസ്തീൻ സ്വദേശി ഹസൻ എന്നിവരെക്കുറിച്ചുള്ള വിവരം ലഭിച്ചു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഇരുവരേയും ബാംഗ്ലൂരിൽ നിന്നും 300 ഗ്രാം ങളങഅ സഹിതം പിടികൂടിയിരുന്നു. അറസ്റ്റിലായ സുഡാൻ സ്വദേശി മുഹമ്മദ് ബാബിക്കർ അലിയെ ചോദ്യം ചെയ്തതിൽ നിന്നാണ് മയക്കുമരുന്ന് കടത്തുന്ന നൈജീരിയൻ പൗരനെക്കുറിച്ചുള്ള വിവരം ലഭിച്ചത്. കെൻ എന്ന വിളിപ്പേരുമാത്രമാണ് അന്വേഷണ സംഘത്തിന് ലഭിച്ച ഏക വിവരം. ഡൽഹിയിലെത്തി വേഷം മാറിയും വിവിധ പേരുകൾ സ്വീകരിച്ചും രഹസ്യാന്വേഷണം നടത്തിയുമാണ് ഇയാളെക്കുറിച്ചുള്ള മറ്റുവിവരങ്ങൾ ശേഖരിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ, ഡൽഹി പോലീസിന്റെ സഹായത്തോടെ നടത്തിയ മിന്നൽ പരിശോധനയിലാണ് ന്യൂഡൽഹി നൈജീരിയൻ കോളനിയിൽ നിന്നും ഇയാളെ സാഹസികമായി അറസ്റ്റുചെയ്തത്. അറസ്റ്റിലായ പ്രതിയെ ന്യൂഡൽഹി സാകേത് കോടതിയിൽ ഹാജരാക്കി. തുടർന്ന് രണ്ടു ദിവസം തിഹാർ ജയിലിൽ പാർപ്പിക്കുകയുണ്ടായി. ഇതിനുശേഷമാണ് കേരളത്തിലേക്ക് കൊണ്ടുവരുന്നതിന് അനുമതി ലഭിച്ചത്. മണ്ണുത്തി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ എൻ. പ്രദീപ്, ജില്ലാ പോലീസ് ലഹരിവിരുദ്ധ വിഭാഗം സബ് ഇൻസ്പെക്ടർമാരായ എൻ.ജി. സുവ്രതകുമാർ, പി. രാഗേഷ്, സീനിയർ സിവിൽ പോലീസ് ഓഫീസർ ടി.വി. ജീവൻ, സിവിൽ പോലീസ് ഓഫീസർ കെ.വി. വിപിൻദാസ്.



# 5ാം ക്ലാസുകാരിയെ കത്രികകൊണ്ട് ആക്രമിച്ചു, ഒന്നാംനിലയിൽ നിന്ന് താഴേക്കെറിഞ്ഞു; അധ്യാപിക അറസ്റ്റിൽ

**ന്യൂഡൽഹി**: ഡൽഹിയിൽ അഞ്ചാം ക്ലാസ് വിദ്യാർഥിനിയോട് അധ്യാപികയുടെ ക്രൂരത. കത്രിക കൊണ്ടു പരിക്കേൽപ്പിച്ച ശേഷം സ്കൂളിന്റെ ഒന്നാംനിലയിൽ നിന്ന് താഴേക്ക് വലിച്ചെറിഞ്ഞു. വന്ദന എന്ന കുട്ടിയാണ് അധ്യാപിക ഗീതാ ദേശ്വാളിന്റെ ആക്രമണത്തിനിരയായത്. ഡൽഹി നഗർ നിഗം ബാലിക വിദ്യാലയത്തിൽ വെള്ളിയാഴ്ച രാവിലെ പതിനൊന്നേകാലോടെ ആയിരുന്നു സംഭവം. ഗുരുതരമായി പരിക്കേറ്റ വന്ദനയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഗീതയെ പോലീസ് അറസ്റ്റ് ചെയ്തു. ഒന്നാം നിലയിലെ ക്ലാസ്മുറിയിൽ വെച്ചായിരുന്നു ആക്രമണം. കോപാകുലയായ ഗീത, വന്ദനയെ കത്രിക കൊണ്ട് ആക്രമിച്ചു. പിന്നീട് താഴേക്ക് വലിച്ചെറിയുകയുമായിരുന്നു. വന്ദനയെ തല്ലുന്നതിൽനിന്ന് ഗീതയെ തടയാൻ മറ്റൊരു അധ്യാപികയായ റിയ ശ്രമിച്ചിരുന്നു. വന്ദന താഴേക്ക് വീണതു കണ്ട് ആളുകൾ ഓടിക്കൂടുകയും പോലീസിൽ വിവരം അറിയിക്കുകയും ചെയ്തു. തുടർന്ന് ഗുരുതരമായി പരിക്കേറ്റ കുട്ടിയെ പോലീസ്, ഹിന്ദു റാവു ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അതേസമയം ആക്രമണത്തിന്റെ പശ്ചാത്തലത്തെ കുറിച്ച് വ്യക്തത ലഭിച്ചിട്ടില്ലെന്ന് പോലീസ് അറിയിച്ചു.



# തിങ്കൾ മുതൽ വെള്ളി വരെയെന്ന പ്രയോഗം വേണ്ട; വർക്കം ഫ്രം ഹോം കാലത്ത് വ്യാഴമാണ് തിങ്കൾ

തൊഴിൽ സംസ്കാരത്തിൽ നിരവധി മാറ്റങ്ങൾ കൊണ്ടുവന്ന കാലമാണ് കോവിഡ്കാലഘട്ടം. ഓഫീസ് ജോലി മാത്രം ശീലിച്ച, ചർച്ചകളും മീറ്റിങ്ങുകളും നേരിൽ മാത്രം നടത്തിയിരുന്നവർ ഓൺലൈനിലേക്ക് ചേക്കേറി. ഓൺലൈൻ മീറ്റിങ്ങുകളും വർക്ക് ഫ്രം ഹോമും ജീവിതത്തിന്റെ ഭാഗമാണിന്ന്. വർക്ക് ഫ്രം ഹോമും ഓഫീസ് ജോലിയും സംയോജിപ്പിച്ച് ഹൈബ്രിഡ് രീതിയാണ് ഇന്ന് പല കമ്പനികളും പിന്തുടരുന്നത്. ഈ മാറ്റങ്ങളെല്ലാം ജീവിത രീതികളെയും കാര്യമായി സ്വാധീനിച്ചിട്ടുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. കോവിഡ് കാലത്ത് അമേരിക്കയിലെ വർക്ക് ഫ്രം ഹോം ജീവനക്കാരിൽ വന്ന മാറ്റത്തെക്കുറിച്ച് സ്റ്റാൻഫോർഡ് സർവകലാശാലയലെ പ്രഫസറായ നിക്കോളാസ് ബ്ലൂം നടത്തിയ പഠനത്തിലാണ് രസകരങ്ങളായ വിവരങ്ങളുള്ളത്. പഠനമനുസരിച്ച് ചൊവ്വ മുതൽ വ്യാഴം വരെ ഓഫീസ് ജോലിയും വെള്ളിയും തിങ്കളും വീട്ടിലിരുന്ന് ജോലി ചെയ്യാനുമാണ് യുവാക്കൾക്കിഷ്ടം. വീട്ടിലിരുന്ന് ജോലി ചെയ്യുന്ന ദിവസങ്ങളിൽ വെള്ളിയാഴ്ചയാണ് മിക്കവർക്കും ഇഷ്ടപ്പെട്ട ദിവസം. എന്നാൽ ഓഫീസ് ദിനങ്ങളിൽ അത് ബുധനാഴ്ചയാണ്. വെള്ളി കഴിഞ്ഞാൽ പിന്നെ വ്യാഴമാണ് മിക്കവർക്കും ഇഷ്ടം. ചുരുക്കത്തിൽ യൂറോപ്പിലെയും അമേരിക്കയിലെയും ടെക്കികളിൽ മിക്കവരുടെയും പ്രിയപ്പെട്ട ദിനങ്ങൾ വ്യാഴവും വെള്ളിയുമാണ്. ഷിഫ്റ്റ് മാറ്റം നടക്കുന്നതിനാലാവാം വ്യാഴാഴ്ച കൂടുതൽ ജനപ്രിയമായതെന്നും പഠനം പറയുന്നു. കോവിഡാനന്തര കാലത്ത് വർക്ക് ഫ്രം ഹോം സംസ്കാരം കൂടുതൽ പേർ താത്പര്യപ്പെടുന്നുവെന്ന് വേണം മനസിലാക്കാൻ. പല കമ്പനികളും വർക്ക് ഫ്രം ഹോം മതിയാക്കാനുള്ള ആലോചനയിലാണെങ്കിലും ഇതെത്രമാത്രം



# അഗ്നി-5 മിസൈൽ പരീക്ഷണം വിജയകരം; ബെയ്ജിങ് വരെ എത്താനുള്ള ശേഷി

ന്യൂഡൽഹി: അയ്യായിരം കിലോമീറ്റർവരെ ദൂരപരിധിയിൽ ആണവായുധപ്രഹരം നടത്താൻ ശേഷിയുള്ള അഗ്നി-5 ബാലിസ്റ്റിക് മിസൈൽ വിജയകരമായി പരീക്ഷിച്ച് ഇന്ത്യ. അതിർത്തിയിൽ ഇന്ത്യയിലെയും ചൈനയിലെയും സൈനികർ ഏറ്റുമുട്ടിയതിനു പിന്നാലെയാണ് പരീക്ഷണമെന്നത് ശ്രദ്ധേയം. ചൈനയുടെ തലസ്ഥാനമായ ബെയ്ജിങ് വരെ എത്താൻ ശേഷിയുള്ളതാണ് 'അഗ്നി-5'. ഒഡിഷാതീരത്തുള്ള 'അബ്ദുൽ കലാം ഐലൻഡിൽ' നിന്നാണ് വ്യാഴാഴ്ച മിസൈൽ വിക്ഷേപിച്ചത്. പരീക്ഷണം നേരത്തേ ആസൂത്രണം ചെയ്തതാണെന്നാണ് അധികൃതർ പറയുന്നത്. മിസൈൽ പരീക്ഷിച്ചതിന് ഔദ്യോഗിക സ്ഥിരീകരണം വന്നിട്ടില്ല. നേരത്തേയുള്ളതിനെക്കാൾ കനംകുറച്ച് നിർമിച്ച മിസൈലിൽ പുതിയ സാങ്കേതികവിദ്യയും ഉപകരണങ്ങളും സംയോജിപ്പിച്ചുകൊണ്ടുള്ള പരീക്ഷണമാണ് വ്യാഴാഴ്ച നടന്നത്.

മിസൈലിന്റെ ദൂരപരിധി തെളിയിക്കാൻ പരീക്ഷണത്തിന് കഴിഞ്ഞെന്നാണ് റിപ്പോർട്ട്. മിസൈൽ പരീക്ഷണത്തിന് മുന്നോടിയായി ആഴ്ചകൾക്കുമുമ്പേ ഇന്ത്യ വ്യോമയാനമേഖലയ്ക്ക് മുന്നറിയിപ്പുനൽകിയിരുന്നു. മിസൈൽ പോകുന്ന വ്യോമപാത മറ്റുള്ളവർ ഒഴിവാക്കണമെന്ന നോട്ടീസാണിത്. അഗ്നി-5ന് 5000 കിലോമീറ്റർ ദൂരപരിധിയുള്ളതിനാൽ ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈലിന്റെ (ഐ.സി.ബി.എം.) ആവശ്യം ഇന്ത്യക്ക് ഉടനില്ലെന്നാണ് വിലയിരുത്തൽ. ഐ.സി.ബി.എമ്മിന്റെ ദൂരപരിധി തുടങ്ങുന്നത് 6000 കിലോമീറ്ററിലാണ്. അഗ്നി നാലിന് 4000 കിലോമീറ്ററും അഗ്നി മൂന്നിന് 3000 കിലോമീറ്ററും അഗ്നി രണ്ടിന് 2000 കിലോമീറ്ററുമാണ് ദൂരപരിധി.



# കൂട്ടുകാരന്റെ അമ്മയെ ബലാത്സംഗം ചെയ്തു; സ്ത്രീകളെയും അയൽവാസികളെയും വെട്ടി; കൊടും കുറ്റവാളി പോത്തൻ അഭിലാഷ് പിടിയിൽ

**കട്ടപ്പന:** ബലാത്സംഗം, മോഷണം, കൊലപാതകം, കൊലപാതകശ്രമം തുടങ്ങി നിരവധി കേസിലെ പ്രതിയായ കട്ടപ്പന അമ്പല കവല കാവുംപടി ഭാഗത്ത് മഞ്ഞാങ്കൽ വീട്ടിൽ പോത്തൻ അഭിലാഷ് എന്നറിയപ്പെടുന്ന ആന അഭിലാഷിനെ കാപ്പ നിയമപ്രകാരം ജയിലിൽ അടച്ചു.ചെറുപ്പം മുതലേ തന്നെ മറ്റുള്ളവരെ ക്രൂരമായി പരിക്കേൽപ്പിക്കുന്ന സ്വഭാവമുള്ള പ്രതി 2009ൽ സ്വന്തം കൂട്ടുകാരന്റെ മാതാവിനെ കൂട്ടുകാരന്റെ സഹായത്തോടെ കെട്ടിയിട്ട് അതിക്രൂരമായി ബലാത്സംഗം ചെയ്യുകയും കൂടാതെ മറ്റുള്ള സ്ത്രീകളെയും അയൽവാസികളെയും യാതൊരു പ്രകോപനവും കൂടാതെ വെട്ടിപ്പരിക്കേൽപ്പിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും സ്ത്രീകളെ മാനഭംഗപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു.2013 ൽ ഭാര്യാ പിതാവിനെ യാതൊരു പ്രകോപനവും കൂടാതെ വള്ളക്കടവിൽ ഉള്ള വീട്ടിൽ ചെന്ന് വെട്ടി കൊലപ്പെടുത്തിയ പ്രതി, 2018ൽ സ്വന്തം മാതാവിന്റെ അനുജത്തിയെയും അവരുടെ മകളെയും യാതൊരു പ്രകോപനവും കൂടാതെ വെട്ടി പരിക്ക് ഏൽപ്പിച്ചു. 2018ൽ കാപ്പ നിയമപ്രകാരം ജയിൽ ശിക്ഷ അനുഭവിച്ച പ്രതി തന്റെ അയൽവാസിയും വിഷം കഴിച്ചു മരണാസന്നനായി കിടന്ന സമയത്ത് ആശുപത്രിയിൽ എത്തിച്ചു ജീവൻ രക്ഷപ്പെടുത്തിയ ഓട്ടോറിക്ഷ ഡ്രൈവർ ഷാജിയെ 2019 ഡിസംബർ മാസം ആക്രമിച്ചു. മാരകമായി വെട്ടേറ്റ് ഷാജി ഒരു വശം തളർന്നു കിടപ്പാണ്.ഈ കേസിൽ ഒരു വർഷത്തോളം ഒളിവിലായിരുന്ന പ്രതിയെ തമിഴ്നാട്ടിലെ പളനിയിൽ നിന്ന് ഒരു വർഷത്തിനുശേഷമാണ് പോലീസ് പിടികൂടിയത്. അതിനുശേഷം ഈ കേസിൽ ജാമ്യത്തിൽ ഇറങ്ങിയ പ്രതി തന്റെ സഹോദരിയെവീട്ടിൽ കയറി ആക്രമിച്ചു പരിക്കേൽപ്പിച്ചു. അതിനുശേഷം പകതീരാത്ത സഹോദരിയുടെ 17 വയസ്സുള്ള മകനെ കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു.ഇതിനുശേഷം ഒളിവിൽ കഴിഞ്ഞു വരവേയാണ് കട്ടപ്പന ഡിവൈഎസ്പി വി എ നിഷാദ് മോന്റെ നേതൃത്വത്തിൽ ഉള്ള സംഘം ഇടുക്കി ശാന്തൻപാറ കെ ആർ വിജയ എസ്റ്റേറ്റിൽ ഗുണ്ടാ സംഘങ്ങളുടെ സംരക്ഷണയിൽ ഒളിവിൽ കഴിഞ്ഞിരുന്ന പ്രതിയെ അതി സാഹസികമായും തന്ത്രപരമായും ഏലക്കാടുകൾക്കിടയിലൂടെ ഓടിച്ചിട്ട് പിടികൂടിയത്.ഇയാൾ ജയിലിൽ നിന്നും ഇറങ്ങുന്ന സമയങ്ങളിൽ സമീപവാസികൾ മരണ ഭയത്തോടെ കൂടിയാണ് കഴിയുന്നത്. ഏതുസമയവും പ്രതിയുടെ പിന്നിൽ നിന്നുള്ള മാരക ആയുധം ഉപയോഗിച്ചുള്ള ആക്രമം ഭയന്ന് വൈകിട്ട് ആറു മണിക്ക് ശേഷം സമീപവാസികളായ ആളുകൾ ആരും തന്നെ വീടിനു പുറത്തിറങ്ങാറില്ല. ഇപ്പോൾ അടുത്ത ബന്ധുക്കളെയും സഹോദരങ്ങളെയും വരെ ആക്രമിക്കുന്ന ക്രൂരതയിലേക്ക് പ്രതി എത്തിയെന്നും പൊലീസ് പറയുന്നു.ഇയാൾക്കെതിരെ സാക്ഷി പറയുവാൻ പോലും ആളുകൾക്ക് ഭയമാണ്. ആരെങ്കിലും പറഞ്ഞാൽ ജയിലിൽ നിന്നും ജാമ്യത്തിൽ ഇറങ്ങിയശേഷം അവരെ ആക്രമിക്കുകയാണ് ഇയാളുടെ പതിവ്. സമീപവാസികൾ ഇയാളെ പേടിച്ച് വീട് ഉപേക്ഷിച്ചുപോകുന്ന സ്ഥിതിയുമുണ്ടായി.പൊലീസ് പിടികൂടാനെത്തുമ്പോൾ കത്തി വീശി രക്ഷപ്പെടുകയാണ് ഇയാളുടെ പതിവ്. നിലവിൽ കാപ്പാ നിയമപ്രകാരം വാറണ്ട് ഉത്തരവായിട്ടുള്ള പ്രതിയെ വിയ്യൂർ സെൻട്രൽ ജയിലിലേക്കാണ് അയച്ചത്. കൊലപാതകശ്രമം, കൊലപാതകം ഉൾപ്പെടെയുള്ള എല്ലാ കേസുകളുടെയും ജാമ്യം റദ്ദാക്കാൻ കോടതിയിൽ അപേക്ഷ നൽകിയിട്ടുണ്ട് എന്ന് വി എ നിഷാദ് മോൻ അറിയിച്ചു പ്രതിയെ കസ്റ്റഡിയിൽ വാങ്ങുമെന്നും ഡി വൈ എസ് പി അറിയിച്ചു



# വാഹനാപകടം: ശബരിമല തീർഥാടകയായ കുട്ടി മരിച്ചു

**കോട്ടയം:** എരുമേലി കണ്ണിമലയിൽ ശബരിമല തീർഥാടകർ സഞ്ചരിച്ചിരുന്ന വാൻ മറിഞ്ഞ് 10 വയസുകാരി മരിച്ചു.തമിഴ്നാട് സ്വദേശിയായ സംഗമിത്രയാണ് മരിച്ചത്. 17 പേർക്ക് പരിക്കേറ്റു.ഉച്ചയ്ക്ക് മൂന്നിന് മുണ്ടക്കയം - എരുമേലി സംസ്ഥാന പാതയിലാണ് അപകടം സംഭവിച്ചത്. കണ്ണിമല ഭാഗത്തെ ഇറക്കത്തിൽ നിയന്ത്രണം നഷ്ടമായ വാഹനം ക്രാഷ് ബാരിയർ തകർത്ത് താഴ്ചയിലേക്ക് മറിയുകയായിരുന്നു.ചെന്നൈ താംബരം സ്വദേശികളായ 21 തീർഥാടകർ സഞ്ചരിച്ചിരുന്ന വാഹനമാണ് അപകടത്തിൽപ്പെട്ടത്. പരിക്കേറ്റവർ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്.



# വൈദ്യുതി കൊയ്യാം 'ഇ-പാട'ങ്ങളിൽ

**തിരുവനന്തപുരം :** കൃഷിയോഗ്യമല്ലാത്ത പാടങ്ങളിലും വെള്ളക്കെട്ട് പ്രദേശങ്ങളിലും ഇനി സൗരോർജ വൈദ്യുതി വിളയും.ഇവിടങ്ങളിൽ സ്ഥാപിക്കുന്ന സോളാർ നിലയങ്ങൾ വഴിയാകും ഇത്. കെട്ടിടങ്ങളുടെ മേൽക്കൂരകളിലും ജലാശയങ്ങളിലും സൗരോർജ വൈദ്യുതി ഉൽപ്പാദനത്തിന് സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതിയിലാണ് കൃഷിയോഗ്യമല്ലാത്ത പാടങ്ങളെയും വെള്ളക്കെട്ട് പ്രദേശങ്ങളെയും ഉൾപ്പെടുത്തിയത്.സംസ്ഥാനത്ത് ആകെയുള്ള ഭൂമിയിൽ 30 ശതമാനം വനം കഴിച്ചുള്ള പ്രദേശങ്ങളിൽ ഭൂമി ഏറ്റെടുത്ത് സോളാർ വൈദ്യുതി ഉൽപ്പാദനപദ്ധതി ആരംഭിക്കുക പ്രായോഗികമല്ല. തുടർന്നാണ് കൃഷി -വാസയോഗ്യമല്ലാത്ത പ്രദേശങ്ങളിൽ സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള തീരുമാനമെടുത്തത്.നേരത്തെ അണക്കെട്ടുകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിലും പുരപ്പുറങ്ങളിലും പദ്ധതി നടപ്പാക്കി അതത് ഇടങ്ങളിൽ വൈദ്യുതി സ്വയം പര്യാപ്തത കൈവരിക്കാനുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിരുന്നു.ജലാശയങ്ങളിലും കൃഷിയോഗ്യമല്ലാത്ത പാടങ്ങളിലും വെള്ളക്കെട്ട് ഇടങ്ങളിലും ഫ്ലോട്ടിങ് സോളാർ പദ്ധതി ആരംഭിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായി സർക്കാർ ഉന്നതതല കമ്മിറ്റി രൂപീകരിച്ചു. മത്സ്യബന്ധനം, ഇറിഗേഷൻ, പരിസ്ഥിതി, വനം, ഊർജം, റവന്യു, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായിരിക്കും. സമിതി തയ്യാറാക്കുന്ന മാർഗനിർദേശങ്ങൾ മന്ത്രിസഭയ്ക്ക് ഉടൻ കൈമാറും. തുടർന്ന് സംസ്ഥാനത്ത് എത്ര മെഗാവാട്ട് സൗരോർജ ഉൽപ്പാദനം സാധ്യമാകുമെന്ന് പരിശോധിച്ച് പദ്ധതി നടപ്പാക്കും.

# അട്ടപ്പാടി തുവര,കാന്തല്ലൂർ-വട്ടവട വെളുത്തുള്ളി, കൊടുങ്ങല്ലൂർ പൊട്ടുവെള്ളരിയടക്കം കേരളത്തിന് അഞ്ച് ഭൗമസൂചികകൾ കൂടി





**കൊച്ചി:** കേരളത്തിന്റെ അഞ്ച് കാർഷിക ഉൽപന്നങ്ങൾ കൂടി ഭൗമസൂചിക പട്ടികയിൽ സ്ഥാനം പിടിച്ചു. അട്ടപ്പാടി ആട്ടുകൊമ്പ് അവര, അട്ടപ്പാടി തുവര, ഓണാട്ടുകര എള്ള്, കാന്തല്ലൂർ-വട്ടവട വെളുത്തുള്ളി, കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി എന്നിവയ്ക്കാണ് ഭൗമസൂചക പദവി ലഭിച്ചത്.കേരള കാർഷിക സർവകലാശാല, കൃഷി വകുപ്പ്,അതാത് പ്രദേശത്തെ കർഷക കൂട്ടായ്മകൾ എന്നിവയുടെ കൂട്ടായ പരിശ്രമഫലമായാണ് ഭൗമസൂചക പദവി ലഭിച്ചത്.യഥാക്രമം അട്ടപ്പാടി ആട്ടു കൊമ്പ് അവര ഉത്പാദക സംഘം, അട്ടപ്പാടി തുവര ഉത്പാദക സംഘം, ഓണാട്ടുകര വികസന ഏജൻസി, അഞ്ചുനാട് വട്ടവട കാന്തല്ലൂർ വെളുത്തുള്ളി ഉത്പാദക കർഷക സംഘം, കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി കർഷക ക്ഷേമ വികസന സമിതി, പൊട്ടുവെള്ളരി ഉത്പാദക സംഘം-ആലങ്ങാട് എന്നിവയാണ് ഭൗമ സൂചകങ്ങളുടെ രജിസ്ട്രേഡ് ഉടമകൾ.ഒരു ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾ മൂലം ഉത്പന്നങ്ങൾക്കുണ്ടാവുന്ന സവിശേഷതകളാണ് ഭൗമസൂചക പദവിക്കാധാരം. മറ്റിടങ്ങളിൽ കൃഷി ചെയ്യുന്ന സമാന ഉല്പന്നങ്ങളുമായി, മേൽ പറഞ്ഞ അഞ്ച് ഉത്പന്നങ്ങളുടെയും രൂപഘടനയിലും രാസഘടകങ്ങളിലുമുള്ള സവിശേഷതകൾ, താരതമ്യ പഠനങ്ങളിലൂടെ തെളിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഭൗമസൂചക പദവി നൽകിയിരിക്കുന്നത്.പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്തുൽപാദിപ്പിക്കുന്ന ആട്ടുകൊമ്പ് അവര, പേര് പോലെ തന്നെ ആടിന്റെ കൊമ്പ് പോലെ വളഞ്ഞാണിരിക്കുന്നത്. മറ്റിനങ്ങളെ അപേക്ഷിച്ച് ഉയർന്ന തോതിലുള്ള ആന്തോസയാനിൻ അട്ടപ്പാടി അവരയുടെ തണ്ടിനും കായ്കൾക്കും വയലറ്റ് നിറം നൽകുന്നു. ആന്തോസയാനിൻ പ്രമേഹരോഗ പ്രതിരോധത്തിനും ഹൃദയസംബന്ധമായ രോഗങ്ങൾക്കെതിരെയും ഉത്തമമാണ്.ഇതിന് പുറമെ ഉയർന്ന അളവിൽ കാൽസ്യം,പ്രോട്ടീൻ, നാര് എന്നിവയും അടങ്ങിയിട്ടുണ്ട്.അട്ടപ്പാടി ആട്ടുകൊമ്പ് അവരയിലുള്ള ഉയർന്ന ഫിനോളിക്സിന്റെ അംശം കീട-രോഗ പ്രതിരോധശേഷി വർധിപ്പിക്കുന്നതിനാൽ ആട്ടുകൊമ്പ് അവര ജൈവ കൃഷിക്ക് വളരെ അനുയോജ്യമാണ്. ഈ പ്രദേശത്തു നിന്നു തന്നെയുള്ള മറ്റൊരു ഭൗമസൂചകമായ അട്ടപ്പാടി തുവരമണികൾക്ക് വെള്ള നിറമാണുള്ളത്. സാധാരണ തുവര മണികളേക്കാൾ തൂക്കവും വലിപ്പവും അട്ടപ്പാടി തുവരമണികൾക്കുണ്ട്. സ്വാദേറിയതും പ്രോട്ടീൻ, അന്നജം, നാരുകൾ, കാൽസ്യം, മഗ്നീഷ്യം എന്നീ പോഷകങ്ങളാൽ സമ്പുഷ്ടവുമായ ഈ ഇനം, പച്ചക്കറിയായും പരിപ്പായും ഉപയോഗിച്ചുവരുന്നു.ഇടുക്കി ദേവികുളം ബ്ലോക്ക് പഞ്ചായത്തിലെ കാന്തല്ലൂർ-വട്ടവട പ്രദേശത്തുൽപാദിപ്പിക്കുന്ന വെളുത്തുള്ളിയിൽ മറ്റു പ്രദേശങ്ങളിൽ നിന്നുള്ള വെളുത്തുള്ളിയെക്കാൾ കൂടുതൽ സൽഫൈഡുകൾ, ഫ്ലേവനോയ്ഡ്സ്, പ്രോട്ടീൻ എന്നിവ അടങ്ങിയിട്ടുണ്ട്. അണുബാധ, പ്രമേഹം, കാൻസർ, കൊളസ്ട്രോൾ,ഹൃദ്രോഗങ്ങൾ, രക്തധമനികളിലെ പ്രശ്നങ്ങൾ തുടങ്ങി അനവധി ആരോഗ്യ പ്രശ്നങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന അല്ലിസിൻ ഈ വെളുത്തിയിൽ സമൃദ്ധമാണ്.ഇവിടെ കൃഷി ചെയ്യുന്ന വെളുത്തുള്ളിയിൽ തൈലവും കൂടുതലായുണ്ട്.ഓണാട്ടുകരയിലെ എള്ളും എള്ളെണ്ണയും അതിന്റെ തനതായ ഗുണമേന്മക്ക് പ്രസിദ്ധമാണ്. ആന്റിഓക്സിഡന്റുകളുടെ അളവ് താരതമ്യേന വളരെ കൂടുതൽ ഉള്ളതിനാൽ ശരീര കോശങ്ങളെ നശിപ്പിക്കുന്ന ഫ്രീ റാഡിക്കലുകളെ പ്രതിരോധിക്കുവാൻ കഴിയും. അപൂരിത കൊഴുപ്പുകൾ ധാരാളമായി അടങ്ങിയിരിക്കുന്നതിനാൽ ഹൃദയസംബന്ധിയായ രോഗങ്ങൾ ഉള്ളവർക്കും പ്രയോജനപ്രദമാണ്. തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിലും സമീപ പ്രദേശത്തും, എറണാകുളം ജില്ലയുടെ ചില ഭാഗങ്ങളിലും കൃഷി ചെയ്ത് വരുന്ന കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി, ജ്യൂസ് ആയും അല്ലാതെയും ഉപയോഗിച്ചു വരുന്നു. കൊടും വേനലിൽ വിളവെടുക്കുന്ന ഈ പൊട്ടുവെള്ളരി മികച്ച ദാഹശമിനിയാണ്. ഉയർന്ന അളവിൽ വിറ്റമിൻ സി അടങ്ങിയിട്ടുള്ള ഇതിൽ കാൽസ്യം, മഗ്നീഷ്യം, നാര്, കൊഴുപ്പ് തുടങ്ങിയ ഘടകങ്ങൾ മറ്റു വെള്ളരി വർഗങ്ങളേക്കാൾ കൂടുതലായുണ്ട്.കേരള കാർഷിക സർവകലാശാലയുടെ ബൗദ്ധിക സ്വത്തവകാശ സെൽ ആണ് ഇവയുടെ ഭൗമസൂചക രജിസ്ട്രേഷന് നേതൃത്വം നൽകിയത്. കാർഷിക ഇനങ്ങളിലെ കേരളത്തിന്റെ ഭൗമസൂചകങ്ങളായ വയനാട് ഗന്ധകശാല- ജീരകശാല അരികൾ, പൊക്കാളി അരി, മധ്യ തിരുവിതാംകൂർ ശർക്കര, ചെങ്ങാലിക്കോടൻ നേന്ത്രൻ, മറയൂർ ശർക്കര, വാഴക്കുളം പൈനാപ്പിൾ, നിലമ്പൂർ തേക്ക്, കൈപ്പാട് അരി, തിരൂർ വെറ്റില, എടയൂർ മുളക്, കുറ്റിയാട്ടൂർ മാങ്ങ എന്നിവയ്ക്കും കേരള കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ ഭൗമസൂചിക പദവി ലഭിച്ചിരുന്നു.ഭൗമസൂചക പദവി ലഭിക്കുന്നത് വഴി പ്രാദേശിക തനത് ഉൽപന്നങ്ങൾക്ക് നിയമ പരിരക്ഷണം ലഭിക്കുന്നതോടൊപ്പം ഉൽപന്നങ്ങൾക്ക് സ്വദേശ-വിദേശ വിപണികളിൽ പ്രചാരമേറുകയും കയറ്റുമതി സാധ്യതകൾ വർദ്ധിക്കുകയും ചെയ്യുന്നു.



# നല്ല ഉറക്കം ലഭിക്കാൻ നരേന്ദ്ര മോദി ചെയ്യുന്നത് ആയുർവേദത്തിലെ ഈ വിദ്യകളാണ്

ആരോഗ്യകരമായ ജീവിതത്തിന് ഏറ്റവും അത്യന്താപേക്ഷിതമാണ് ഉറക്കം. ഇന്നത്തെ ജീവിത ശൈലിയുടെ ഫലമായി ഏറ്റവും കൂടുതൽ പേരെ അലട്ടുന്ന പ്രശ്നവും ഉറക്കമില്ലായ്മ തന്നെ.

അടുത്തിടെ നടന്ന വേൾഡ് ആയുർവേദ കോൺഗ്രസിൽ ഉറക്കമില്ലായ്ക്ക് ഏറ്റവും നല്ല പ്രതിവിധി ആയുർവേദത്തിലുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കുകയുണ്ടായി. ലോകമെമ്പാടുമുള്ള ജനങ്ങളെ ഗ്രഹിച്ചിരിക്കുന്ന വിപത്തായി ഉറക്കമില്ലായ്മ മാറിയിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. അത് മറികടക്കാനുള്ള മാർഗം ആയുർവേദത്തിലുണ്ടെന്നും മോദി വിശദീകരിച്ചു.

സുഖമായ ഉറക്കത്തെ നിദ്ര എന്നാണ് ആയുർവേദം പ്രതിപാദിക്കുന്നത്. ശരീരത്തിനും മനസിനും തലച്ചോറിലൂടെ കിട്ടുന്ന ഒരു വിശ്രമം ആണ് ഉറക്കം. ശരീരത്തിന് വിശ്രമം കിട്ടാൻ തലച്ചോറ് ചെയ്യുന്ന ഈ പ്രക്രിയ ശരീരത്തിനും മനസിനും അത്യന്താപേക്ഷിതമായ ഒന്നാണ്. മനുഷ്യരെ പോലെ, എല്ലാ ജീവികളും ഉറങ്ങുന്നു. ഉറക്കം ഇല്ലെങ്കിൽ ഒരു ജീവനും നിലനിൽപ്പില്ല. അതുകൊണ്ട് തന്നെ ജീവികളുടെ അസ്തിത്വത്തിന്റെ ഭാഗമാണ് ഉറക്കം. നിദ്രാസമയത്ത് ശരീര പേശികൾ എല്ലാം അയയുന്നു. എന്നാൽ തലച്ചോർ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഒരു സമയം കൂടിയാണത്.

നല്ല ഉറക്കം ലഭിക്കുന്നതിന് ആയുർവേദം ചില വിദ്യകൾ ഉപദേശിക്കുന്നുണ്ട്.

1. ദിനചര്യ

നല്ല ദിനചര്യ ആചരിക്കുന്നവർക്കും ശീലിക്കുന്നവർക്കും മാത്രമേ നല്ല ഉറക്കം ലഭിക്കുകയുള്ളൂവെന്ന് ആയുർവേദം പറയുന്നു. അതുകൊണ്ടുതന്നെ ആരോഗ്യകരമായ ജീവിതശൈലി ഉണ്ടാക്കിയെടുക്കുക.

2. ദഹനം

ദഹനവും ഉറക്കവും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന രണ്ട് ഘടകങ്ങളാണ്. അത്താഴം എത്രത്തോളം ലഘുവാക്കുന്നുവോ അത്രയും നന്നായി ഉറങ്ങാൻ നമുക്ക് സാധിക്കും.

3. പാൽ ഗുണം ചെയ്യും

നല്ല ഉറക്കം ലഭിക്കുന്നതിന് രാത്രിയിൽ കഴിക്കേണ്ട ചില കാര്യങ്ങളെ കുറിച്ച് ആയുർവേദത്തിൽ പ്രതിപാദിക്കുന്നുണ്ട്. ചൂട് പാല് കിടക്കുന്നതിന് മുമ്പ് കുടിക്കുന്നത് മികച്ച ഉറക്കം നൽകുന്നു. അതുപോലെ സുഗന്ധമുള്ള എന്തെങ്കിലും ശ്വസിക്കുന്നതും വേഗം ഉറക്കം ലഭിക്കാൻ നല്ലതാണെന്ന് ആയുർവേദം പറയുന്നു. മാത്രമല്ല ഓയിൽ മസാജ് ചെയ്യുന്നത് നല്ല നിദ്രക്ക് മാത്രമല്ല വാതരോഗത്തെ തടയുമെന്ന് ഫലം.

# ബഫർ സോൺ ഉപഗ്രഹ സർവേ: സ്വന്തം നിലയ്ക്ക് ഹെൽപ് ഡെസ്ക് ആരംഭിച്ച് കിഫ



**കോഴിക്കോട്:** ബഫർ സോണിലെ ഉപഗ്രഹ സർവേ റിപ്പോർട്ടിലെ അപാകത പഠിക്കാൻ സർക്കാർ തീരുമാനത്തിന് കാത്ത് നിൽക്കാതെ സ്വന്തം നിലയ്ക്ക് ഹെൽപ് ഡെസ്കുകൾ തുടങ്ങി കേരള സ്വതന്ത്ര കർഷക സംഘടന (കിഫ).വയനാട്, കോഴിക്കോട് ജില്ലകളിലാണ് ഹെൽപ് ഡസ്ക് ആരംഭിച്ചത്. മറ്റിടങ്ങളിലും ഹെൽപ് ഡെസ്കുകൾ തുടങ്ങുമെന്ന് കിഫ. പഞ്ചായത്ത് തലത്തിൽ ഹെൽപ്പ് ഡെസ്ക് തുടങ്ങാൻ വെള്ളിയാഴ്ച സർക്കാരും തീരുമാനമെടുത്തിട്ടുണ്ട്.ബഫർ സോണിലെ ജനവാസ കേന്ദ്രങ്ങൾ നിശ്ചയിക്കാൻ നടന്ന ആകാശ സർവേയെ ചൊല്ലി നിരവധി പരാതികളാണ് ഉയരുന്നത്. ഇക്കാര്യത്തിൽ ജനങ്ങൾ ആശങ്കപ്പെടേണ്ടതില്ലെന്നും സുപ്രീം കോടതിയുടെ നിർദേശം അനുസരിക്കാൻ മാത്രമാണ് ആകാശ സർവേയെന്ന് വനംവകുപ്പ്മന്ത്രി എകെ ശശീന്ദ്രൻ പറഞ്ഞു.എന്നാൽ ബഫർ സോണിൽ മലയോര മേഖലയിലെ ജനങ്ങൾക്കിടയിൽ ആശങ്ക ശക്തമാവുകയാണ്. ജസ്റ്റീസ് തോട്ടത്തിൽ രാധാകൃഷ്ണൻ അധ്യക്ഷനായ സമിതി നേരിട്ട് സ്ഥല പരിശോധന നടത്തുമെന്ന് സർക്കാർ നേരത്തെ തന്നെ ഉത്തരവ് ഇറക്കിയിരുന്നെങ്കിലും ഈ സർവേയുടെ പ്രാരംഭ നടപടിക്രമം പോലും ആയിട്ടില്ല.ബഫർ സോണിൽ സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിക്കും പഞ്ചായത്തുകളിലെ ഹെൽപ് ഡെസ്കിനും ലഭിക്കുന്ന പരാതികളിൽ തദ്ദേശ വകുപ്പിൻറെ സഹകരണത്തോടെ ഫീൽഡ് സർവേ നടത്താനാണ് വനം വകുപ്പിൻറെ തീരുമാനം.സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെൻറ് സെൻറർ ഉപഗ്രഹ സർവേയിലൂടെ തയാറാക്കിയ പ്രാഥമിക റിപ്പോർട്ടിൽ ജനവാസ മേഖലകളെക്കുറിച്ച് പരാതികളുണ്ട്.വിദഗ്ധ സമിതി 20ന് യോഗം ചേർന്ന് പരാതികളുടെ പരിശോധനയിൽ തീരുമാനമെടുക്കും. ഇന്നും ചൊവ്വാഴ്ചയും യോഗം ചേരാനായിരുന്നു മുൻധാരണ.


സെക്യൂരിറ്റി ജോലി ആവശ്യം ഉള്ളവരും.
സെക്യൂരിറ്റികളെ ആവശ്യം ഉള്ളവരും
ബന്ധപെടുക

**പരബ്രഹ്മ് സെക്യൂരിറ്റി സർവീസ്**

ആലപ്പുഴ , ഹരിപ്പാട്, മാവേലിക്കര, കായംകുളം എന്നിവിടങ്ങളിൽ ഞങ്ങളുടെ സേവനം ലഭ്യമാണ്

ഹോം നഴ്സിംഗ് , ഹൗസ് കീപ്പിംഗ് , ക്ലീനിംഗ് ജോലിക്കാരെയും നൽകും

**വിളിക്കുക**

9995711426
9497152942

ഹോം നഴ്സിംഗ് , രോഗി പരിചരണം എന്നിവ ഉത്തരവാദിത്തത്തോട് കൂടി ചെയ്ത് കൊടുക്കുന്നു ഹോംനഴ്സ് ജോലിക്ക് ആളെ ആവശ്യം ഉള്ളവരും, ഹോംനഴ്സ് ജോലി ആവശ്യം ഉള്ളവരും. ബന്ധപെടുക.
Kayamkulam, Mavelikara, Harippad ഉള്ളവർക്കു മുൻഗണന.







38 മത് അഖിലഭാരത ശ്രീമദ് ഭാഗവത മഹാ സത്രത്തിന് എത്തിയ സ്വിറ്റ്സർലാന്റ് സ്വദേശി റിയാന് സത്ര സംഘാടക സമിതി ചെയർമാൻ ആർ രാമചന്ദ്രൻ നായർ ശ്രീകൃഷ്ണഭഗവാന്റെ വിഗ്രഹം സമ്മാനിക്കുന്നു.

# ഭാഗവതത്തിന്റെ മഹാത്മ്യം തേടി കടൽ കടന്ന് റിയൽ എത്തി

തിരുവനന്തപുരം; ഭാഗവതത്തിന്റെ പ്രസക്തി ലോകരാജ്യങ്ങളിൽ വരെ പ്രചരിക്കുമ്പോൾ അതിന്റെ പൊരുൾ തേടി ഒരു സ്വിറ്റ്സർലന്റ് സ്വദേശി തലസ്ഥാനത്ത് എത്തി. സ്വിറ്റ്സർലാന്റിലെ സിനിമാ വ്യവസായ രംഗത്തെ പ്രമുഖനായ റിയൽ ആണ് തലസ്ഥാനത്ത് നടക്കുന്ന 38 മത് അഖിലഭാരത ശ്രീമദ് ഭാഗവത മഹാ സത്രത്തിലെത്തിയത്. സത്രഹാളിലെത്തിയ അദ്ദേഹത്തെ ബ്രഹ്മശ്രീ ഗോശാല വിഷ്ണു വാസുദേവൻ നമ്പൂതിരി തുളസി മാല ചാർത്തി സ്വീകരിച്ചു. സത്ര സംഘാടക സമിതി ചെയർമാൻ ആർ രാമചന്ദ്രൻ നായർ ശ്രീകൃഷ്ണഭഗവാന്റെ വിഗ്രഹം സമ്മാനിച്ചു. ഭാരതത്തിന്റെ പൈതൃകത്തിൽ താൻ ഏറെ ആകൃഷ്ടനാണെന്നും, അതിനെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹം ഉണ്ടെന്നും റിയൽ പറഞ്ഞു. ബ്രിട്ടീഷ് പ്രധാനമന്ത്രിയായ ഋഷി സുനക് പോലും ഭാഗവതത്തിൽ തൊട്ടാണ് സത്യപ്രതിജ്ഞ ചെയ്തത്. ആ സാഹചര്യത്തിൽ അത്തരത്തിലുള്ള അത്യപൂർവ്വ ഗ്രന്ഥത്തിന്റെ മഹത്വം മനസിലാക്കുകയാണ് റിയലിന്റെ യാത്രയുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. ജനറൽ കൺവീനർ ജി. പത്മനാഭൻ നായർ, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ എസ്. നാരായണസ്വാമി, ചീഫ് കോ ഓർഡിനേറ്റർ ശ്രീവത്സൻ നമ്പൂതിരി, കമ്മിറ്റി ചെയർമാൻമാരായ അഡ്വ. പി.എസ് . ശ്രീകുമാർ, ആർ. അജിത്കുമാർ , സംസ്കൃത കോളേജ് വൈസ് പ്രിൻസിപ്പൾ ഡോ. ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി തുടങ്ങിയവർ പങ്കെടുത്തു.

# ബ്രസീലിന്റെ തോൽവി താങ്ങാനായില്ല; ആരാധകനായ യുവ ഫുട്ബോളർ ഒരാഴ്ചയായി അബോധാവസ്ഥയിൽ



**കൊച്ചി:** ക്രൊയേഷ്യയ്ക്കെതിരെയുള്ള ഫുട്ബോൾ ലോകകപ്പ് മത്സരത്തിൽ ബ്രസീലിന്റെ തോൽവിയെ തുടർന്ന് അമിത രക്തസമ്മർദം മൂലം തലച്ചോറിൽ രക്തം കട്ടപിടിച്ച് യുവ ഫുട്ബോളർ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ ചികിത്സയിൽ.ബ്രസീൽ ആരാധകനായ യുവാവിന്റെ ജീവൻ രക്ഷിക്കാൻ നാട് ഒന്നടങ്കം സുമനസ്സുകളുടെ സഹായം തേടുകയാണ്.കടുത്ത ബ്രസീൽ ആരാധകനും വിവിധ ക്ലബ്ബുകൾക്കുവേണ്ടി കളിക്കുകയും ചെയ്യുന്ന കാക്കനാട് പാറക്കമുകൾ കല്ലുപ്പരക്കൽ കെ പി അക്ഷയ് (23) ലോകകപ്പിൽ ബ്രസീൽ പുറത്തായതിനെ തുടർന്നാണ് അബോധാവസ്ഥയിലായത്.ബ്രസീൽ–ക്രൊയേഷ്യ ക്വാർട്ടർ ഫൈനൽ മത്സരം സുഹൃത്തുക്കൾക്കൊപ്പം സ്ക്രീനിൽ കാണുമ്പോൾ കുഴഞ്ഞുവീഴുകയായിരുന്നു.ക്ഷീണം മാറാൻ, ബിഗ് സ്ക്രീൻ വച്ചിരുന്ന പ്രദേശത്തുതന്നെ കിടന്ന അക്ഷയ് രാവിലെയായിട്ടും വിളിച്ചിട്ട് എഴുന്നേൽക്കാതിരുന്നപ്പോഴാണ് ആശുപത്രിയിൽ എത്തിച്ചത്. ചികിത്സയ്ക്കായി 17.50 ലക്ഷം രൂപ വേണ്ടി വരുമെന്നാണ് ഡോക്ടർമാർ അറിയിച്ചത്. ഓൺലൈൻ കമ്പനിയിലെ ഡെലിവറി ബോയ് ആയിരുന്നു. അച്ഛൻ കെ ടി പുരുഷോത്തമൻ കൂലിവേലക്കാരനാണ്. അമ്മ ജയയും വിദ്യാർഥിയായ സഹോദരനും അടങ്ങുന്നതാണ് കുടുംബം.നിർധനകുടുംബത്തെ സഹായിക്കാൻ പി എ വേലായുധൻ ചെയർമാനും അനിൽകുമാർ കൺവീനറും പി ഐ ജെയിൻ ട്രഷററുമായി സഹായനിധി രൂപീകരിച്ചു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ കാക്കനാട് രാജഗിരി വാലി ശാഖയിലാണ് അക്കൗണ്ട് തുറന്നത്.




# കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാർ തമ്മിൽ ഏറ്റുമുട്ടി;തടവുകാർ അക്രമാസക്തരായാണ് പെരുമാറുന്നതെന്ന് അധികൃതർ

**കണ്ണൂർ:** കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാർ തമ്മിൽ ഏറ്റുമുട്ടി. സംഭവത്തിൽ കാപ്പ തടവുകാരൻ വിവേകിന് ഗുരുതരമായി പരിക്കേറ്റു.ഇയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഏഴംഗ സംഘമാണ് ആക്രമണം നടത്തിയത്.കഴിഞ്ഞ ദിവസമാണ് സംഭവം. ജയിൽ ദിനാഘോഷത്തിനിടെ രണ്ട് സംഘങ്ങളായാണ് കാപ്പ തടവുകാർ ഏറ്റുമുട്ടിയത്. തടവുകാരുടെ സെല്ലിൽ നിന്ന് പുറത്തിറങ്ങി ജയിൽ വളപ്പിലൂടെ നടക്കുന്നതിനിടെ വിവേകിനെ തടഞ്ഞ് നിർത്തി ആക്രമിക്കുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു.സംഭവത്തിൽ പൊലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാപ്പ തടവുകാരെ സെല്ലിന് പുറത്തിറക്കരുതെന്ന് ഉന്നത ഉദ്യോഗസ്ഥർ നിർദേശിച്ചു. സെൻട്രൽ ജയിൽ കാപ്പ തടവുകാർ ഏറ്റുമുട്ടുന്നതും ഗുരുതരമായി പരിക്കേൽക്കുന്നതും ആവർത്തിക്കുകയാണ്. തടവുകാർ അക്രമാസക്തരായാണ് പെരുമാറുന്നതെന്ന് പോലീസ് പറഞ്ഞു. തൃശൂർ, കോട്ടയം, എറണാകുളം ജില്ലകളിലെ കാപ്പ തടവുകാരാണ് കണ്ണൂരിലുള്ളത്.



# കള്ളനോട്ട് സംഘത്തിൽ മുൻ പഞ്ചായത്ത് പ്രസിഡന്റും പെൺസുഹൃത്തും

**ചാരുംമൂട്:** കള്ളനോട്ട് ഇടപാടുമായി ബന്ധപ്പെട്ട് മുൻ പഞ്ചായത്ത് പ്രസിഡന്റും സുഹൃത്തായ യുവതിയും അറസ്റ്റിൽ.കൊല്ലം ഈസ്റ്റ് കല്ലട പഞ്ചായത്ത് മുൻ പ്രസിഡന്റ് ഈസ്റ്റ് കല്ലട കൊടുവുള വീട്ടിൽ ക്ലീറ്റസ് (45), താമരക്കുളം പേരൂർ കാരാഴ്മ അക്ഷയ് നിവാസിൽ ലേഖ (38) എന്നിവരെയാണ് നൂറനാട് പൊലീസ് അറസ്റ്റ് ചെയ്തത്. ഇവരിൽ നിന്ന് 500 രൂപയുടെ നിരവധി കള്ളനോട്ടുകൾ പിടികൂടി.സൂപ്പർ മാർക്കറ്റിൽ സാധനം വാങ്ങാനെത്തിയ ലേഖ നൽകിയ 500 രൂപയുടെ നോട്ടിൽ സംശയം തോന്നിയ ജീവനക്കാർ നൂറനാട് പൊലീസിൽ വിവരമറിയിക്കുകയായിരുന്നു. നൂറനാട് സി.ഐ ശ്രീജിത്തിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘമെത്തി പരിശോധിച്ചപ്പോൾ പഴ്സിൽ നിന്നു 500 രൂപയുടെ കൂടുതൽ കള്ളനോട്ടുകൾ കണ്ടെത്തി. തുടർന്ന് ലേഖയെ അറസ്റ്റ് ചെയ്തു സ്റ്റേഷനിലെത്തിച്ച് ചോദ്യം ചെയ്തപ്പോൾ കുറ്റം സമ്മതിച്ചു. ലേഖയുടെ താമരക്കുളത്തുള്ള വീട് പരിശോധിച്ചപ്പോൾ 500 രൂപയുടെ നോട്ടുകൾ വീണ്ടും ലഭിച്ചു. വിശദമായി ചോദ്യം ചെയ്തപ്പോഴാണ് ക്ലീറ്റസ് ആണ് കള്ളനോട്ട് നൽകിയതെന്ന് ലേഖ വ്യക്തമാക്കി. വീടിനു സമീപത്തു നിന്ന് ഇന്നലെ പുലർച്ചെ ഇയാളെ അറസ്റ്റ് ചെയ്തു. 500 രൂപയുടെ കള്ളനോട്ടുകൾ ക്ലീറ്റസിന്റെ വീട്ടിൽ നിന്നും കണ്ടെടുത്തു.ഈസ്റ്റ് കല്ലട പോലീസ് സ്റ്റേഷനിൽ അടിപിടി, പൊലീസിനെ ആക്രമിക്കൽ, പട്ടികജാതി പീഡനം, വീടുകയറി അതിക്രമം തുടങ്ങി നിരവധി കേസുകൾ ക്ലീറ്റസിന്റെ പേരിലുണ്ട്. 10,000 രൂപയുടെ കള്ളനോട്ടാണ് ക്ലീറ്റസ് ലേഖയ്ക്ക് നൽകിയത്. എല്ലാം 500ന്റെ നോട്ടുകൾ. ഒരു മാസമായി ലേഖ ചാരുംമൂട്ടിലുള്ള സൂപ്പർ മാർക്കറ്റുകൾ, ബേക്കറികൾ, ഫാൻസി സ്റ്റോറുകൾ എന്നിവിടങ്ങളിൽ കള്ളനോട്ട് നൽകി ചെറിയ തുകയ്ക്കുള്ള സാധനങ്ങൾ വാങ്ങിയിരുന്നതായി കടക്കാർ പറഞ്ഞു. സൂക്ഷ്മമായി നോക്കിയാൽ മാത്രം മനസിലാകുന്ന കള്ളനോട്ടുകളാണ് കൈമാറിയിരുന്നത്. ഒരു ദിവസം ഒരു കടയിൽ മാത്രമാണ് ലേഖ നോട്ട് മാറ്റിയെടുത്തിരുന്നത്. കടകളിൽ തിരക്കേറിയ സമയത്ത് ജീവനക്കാർ നോട്ട് ശ്രദ്ധിച്ചിരുന്നുമില്ല. ലേഖയെ ഉപയോഗിച്ച് കള്ളനോട്ടുകൾ മാറ്റിയെടുക്കുക എന്നതായിരുന്നു ക്ലീറ്റസിന്റെ പദ്ധതി. നോട്ടുകളുടെ ഉറവിടത്തെപ്പറ്റി പൊലീസ് അന്വേഷണം ആരംഭിച്ചു. മാവേലിക്കര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി രണ്ട് മുൻപാകെ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു. സി.ഐ പി. ശ്രീജിത്ത്, എസ്.ഐ നിതീഷ്, ജൂനിയർ എസ്.ഐ ദീപു പിള്ള, എസ്.ഐ രാജീവ്, എ.എസ്.ഐ പുഷ്പൻ, സി.പി.ഒമാരായ ഷാനവാസ്, രഞ്ജിത്ത്, വിഷ്ണു എന്നിവരുടെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്.



# ഇരിക്കൂരിൽ 6 വിദ്യാർഥികൾക്കെതിരേ റാഗിങ് കേസ്

**ഇരിക്കൂർ:** ഇരിക്കൂർ കല്യാട്ടെ സ്വകാര്യ കോളേജിലെ ഒന്നാം വർഷ ബിരുദവിദ്യാർത്ഥിക്ക് നേരെ ക്രൂരമായ റാഗിങ് നടത്തിയെന്ന പരാതിയിൽ സീനിയർ വിദ്യാർത്ഥികൾക്കെതിരെ കേസെടുത്തു.രണ്ടാം വർഷ ബിരുദ വിദ്യാർത്ഥികളായ അൻസാദ്, സഫ്‌വാൻ കണ്ടാലറിയാവുന്ന നാലു വിദ്യാർത്ഥികളടക്കം ആറുപേർക്കെതിരെയാണ് ഇരിക്കൂർ പോലീസ് കേസെടുത്തത്. കഴിഞ്ഞ ദിവസം കല്യാട് സിബ്ഗ കോളേജ് ഒന്നാം വർഷ ബിരുദ വിദ്യാർത്ഥി മുഹമ്മദ് സഫലിന്റെ(19) പരാതിയിലാണ് റാഗിങ് നിരോധനനിയമ പ്രകാരം കേസെടുത്തത്. കഴിഞ്ഞ തിങ്കളാഴ്ച്ചയായിരുന്നു കേസിനാസ്പദമായ സംഭവം. സഫൽ ഫുൾ കൈ ഷർട്ട് ധരിച്ചതും താടിവെച്ചതും ചോദ്യം ചെയ്ത് ആറംഗ സംഘം ബാത്ത്റൂമിൽ കൊണ്ടുപോയി മർദ്ദിച്ചതായാണ് പരാതി. മർദനത്തിൽ സാരമായി പരുക്കേറ്റ സഹൽ കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. സംഭവത്തിൽ ഇരിക്കൂർ എസ്ഐ എംവി ഷിജുവിന്റെ നേതൃത്വത്തിലാണ് പോലീസ് അന്വേഷണം നടത്തുന്നത്.



# കള്ളക്കണക്ക് സമ്മതിച്ച് ധനമന്ത്രി ബാലഗോപാൽ;കേരളത്തിന് നൽകാനുള്ള ജിഎസ്ടി നഷ്ടപരിഹാര കുടിശിക 780 കോടി

തിരുവനന്തപുരം: കേരളത്തിന് ലഭിക്കാനുള്ള ജിഎസ്ടി നഷ്ടപരിഹാര കുടിശ്ശിക സംബന്ധിച്ച വ്യത്യസ്ത കണക്കുകളിൽ ഒടുവിൽ സത്യം വ്യക്തമാക്കി സംസ്ഥാന ധനമന്ത്രി കെ.എൻ.ബാലഗോപാൽ.കേരളത്തിന് നിലവിൽ 780 കോടി രൂപയുടെ കുടിശ്ശിക മാത്രമാണ് കേന്ദ്രം നൽകാനുള്ളതെന്ന് ബാലഗോപാൽ ഫേസ്ബുക്കിലൂടെ വ്യക്തമാക്കി. 4,466 കോടി രൂപയാണ് നഷ്ടപരിഹാരമായി കേന്ദ്രം തരാനുള്ളതെന്ന് കഴിഞ്ഞ ഒക്ടോബറിൽ നിയമസഭയിലും 1,548 കോടി ലഭിക്കാനുണ്ടെന്ന് കഴിഞ്ഞ മാസം 14ന് കേന്ദ്രമന്ത്രിക്കു നേരിട്ടു കൈമാറിയ കത്തിലും ബാലഗോപാൽ ചൂണ്ടിക്കാട്ടിയിരുന്നു. ഇതെത്തുടർന്ന് കേരളത്തിന് 4,466 കോടി രൂപ നഷ്ടപരിഹാരം കിട്ടേണ്ടതുണ്ടെന്ന് കഴിഞ്ഞ ദിവസം ലോക്സഭയിൽ ശശി തരൂർ എംപി ആരോപിച്ചിരുന്നു. എന്നാൽ, 780 കോടി രൂപ മാത്രമേ നൽകാനുള്ളൂ എന്നും ഓഡിറ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഈ തുക നൽകുമെന്നും മന്ത്രി നിർമല സീതാരാമൻ, തരൂരിനു മറുപടി നൽകി. കേന്ദ്രത്തിന്റെയും കേരളത്തിന്റെയും കണക്കുകൾ ആശയക്കുഴപ്പം സൃഷ്ടിച്ചിരിക്കെയാണ് 780 കോടി രൂപ തന്നെയാണ് കിട്ടാനുള്ളതെന്ന് തുറന്നുപറഞ്ഞ് സംസ്ഥാന ധനമന്ത്രി രംഗത്തെത്തിയത്.

**പോസ്റ്റിന്റെ പൂർണ രൂപം;**

കേരളത്തിന് ജിഎസ്ടി നഷ്ടപരിഹാര കുടിശ്ശികയായി എത്ര രൂപയാണ് കേന്ദ്രം നൽകാനുള്ളത് എന്ന ശ്രീ.ശശി തരൂർ എംപിയുടെ ലോക് സഭയിലെ ചോദ്യത്തിന് കേന്ദ്ര ധനകാര്യ മന്ത്രി ശ്രീമതി നിർമല സീതാരാമൻ നൽകിയ മറുപടി ഉയർത്തിക്കാണിച്ചുകൊണ്ട് കേരള ഗവൺമെന്റിനെ ഇകഴ്ത്തുന്ന പ്രചാരവേലകൾ നവമാധ്യമങ്ങളിൽ കണ്ടു. ഇനി 780 കോടി രൂപ കൂടിയേ കേരളത്തിന് നൽകാനുള്ളൂ, എന്നും കേരളത്തിന് അർഹമായ വിഹിതമൊന്നും കേന്ദ്രം നിഷേധിക്കുന്നില്ല എന്നുമാണ് ചിലരുടെ വാദം.കഴിഞ്ഞ 5 വർഷമായി സംസ്ഥാനങ്ങൾക്ക് നൽകി വന്നിരുന്ന ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിലാണ് അവസാനിച്ചത്. ജി.എസ്.ടി നടപ്പിലായതോട് കൂടി സംസ്ഥാനങ്ങളുടെ വരുമാനത്തിലുണ്ടായ നഷ്ടം പരിഹരിക്കുന്നതിനാണ് നഷ്ടപരിഹാരം നൽകിപ്പോരുന്നത്. രാജ്യത്തെ ബി.ജെ.പി ഭരിക്കുന്നതുൾപ്പടെയുള്ള ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളും ജി.എസ്.ടി നഷ്ടപരിഹാരം തുടരണം എന്ന നിലപാടുള്ളവരാണ്. പ്രതിവർഷം 12,000 കോടി രൂപയുടെ കുറവാണ് ജി.എസ്.ടി നഷ്ടപരിഹാരം അവസാനിപ്പിച്ചതോട് കൂടി കേരളത്തിനുണ്ടായത്. കോവിഡ് മഹാമാരിയും സാമ്ബത്തികമാന്ദ്യവും സംസ്ഥാന സമ്ബദ് വ്യവസ്ഥകളെ പ്രതിസന്ധിയിലാക്കിയ ഘട്ടത്തിൽ ജി.എസ്.ടി നഷ്ടപരിഹാരം കൂടി അവസാനിച്ചത് സംസ്ഥാനങ്ങളുടെ മേലുള്ള ഇരുട്ടടിയായി മാറി.ഇതുകൂടാതെ സംസ്ഥാനത്തിന് നൽകുന്ന റവന്യൂ ഡെഫിസിറ്റ് ഗ്രാൻഡിൽ ഈ വർഷം വന്ന കുറവ് ഏകദേശം 6700 കോടി രൂപയാണ്. ബജറ്റിന് പുറത്തുനിന്നും ധനം സമാഹരിച്ച് പ്രവർത്തിക്കുന്ന കിഫ്ബി, സാമൂഹ്യസുരക്ഷാ പെൻഷൻ ബോർഡ് എന്നിവയുടെ ബാധ്യതകളും പൊതുകടത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയതോടെ 12500 കോടി രൂപയുടെ അർഹമായ കടവും സംസ്ഥാനത്തിന് നിഷേധിക്കപ്പെട്ടു. അതിൽ ഈ വർഷം മാത്രം 3140 കോടിയാണ് നഷ്ടമാവുന്നത്. അടുത്ത മൂന്ന് വർഷം കൊണ്ട് ബാക്കി തുകയും കടപരിധിയിൽനിന്നും കുറവ് ചെയ്യപ്പെടും. അതായത് 24,000 കോടി രൂപയുടെ ആകെ വരുമാനമാണ് നടപ്പുവർഷം സംസ്ഥാനത്ത് കുറവ് വന്നത്. ഈ സഞ്ചിതനഷ്ടം പരിഹരിക്കണം എന്നതാണ് കേരളത്തിന്റെ ആവശ്യം.ഇതിനു പുറമേ കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിയിൽ നിന്നും സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകുന്ന ഭാഗത്തിന്റെ 1.92 ശതമാനം മാത്രമാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേരളത്തിന് നിശ്ചയിച്ചത്. പത്താം ധനകാര്യ കമ്മിഷന്റെ കാലത്ത് 3.875 % ഉണ്ടായിരുന്ന വിഹിതമാണ് കുത്തനെ വെട്ടിക്കുറച്ചത്. 20000 കോടി രൂപയെങ്കിലും ഇത് വഴിയും പ്രതിവർഷ നഷ്ടമുണ്ട്.കേരളത്തിന് നിലവിൽ 780 കോടി രൂപയുടെ കുടിശ്ശിക നൽകാനുണ്ട്. അത് ഉടനെ നൽകും എന്ന പ്രസ്താവന കൊണ്ട് കേരളമുൾപ്പടെയുള്ള സംസ്ഥാനങ്ങളോട് കേന്ദ്രം കാട്ടുന്ന അവഗണന നീതീകരിക്കാനാകില്ല. ഏറ്റവും ഒടുവിൽ നടന്ന ജി.എസ്.ടി കൗൺസിലിൽ ഉൾപ്പടെ രാഷ്ട്രീയാതീതമായി ഉയർന്നുവന്ന ആവശ്യം സാമ്ബത്തിക ഫെഡറൽ മൂല്യങ്ങൾ രാജ്യത്ത് സംരക്ഷിക്കപ്പെടണം എന്നുള്ളതാണ്. സംസ്ഥാനങ്ങളുടെ സാമ്ബത്തികാധികാരങ്ങളും ഭരണഘടനാപരമായ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് മാത്രമേ രാജ്യത്തിന് മുന്നോട്ട് പോകാൻ കഴിയൂ. നമ്മുടെ രാജ്യത്തെ പൊതുചെലവിന്റെ 64 ശതമാനവും നിർവ്വഹിക്കുന്നത് സംസ്ഥാന ഗവൺമെന്റുകളാണ്. എന്നാൽ നികുതി വരുമാനത്തിന്റെ 37 ശതമാനം മാത്രമാണ് സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കുന്നത്. അതിനാൽ തന്നെ ജി എസ് ടി ഇനത്തിൽ പിരിക്കുന്ന വരുമാനത്തിന്റെ 50 ശതമാനം മാത്രം സംസ്ഥാനങ്ങൾക്കും 50 ശതമാനം കേന്ദ്രത്തിനും കിട്ടുന്ന നിലവിലെ രീതി മാറ്റി സംസ്ഥാനങ്ങൾക്ക് 60 ശതമാനം നൽകണം എന്നതുൾപ്പടെയുള്ള വിഷയങ്ങളുയർത്തി രാജ്യത്ത് അതിശക്തമായ ആശയസമരത്തിന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ നേതൃത്വം കൊടുക്കുകയാണ്. ഈ മുന്നേറ്റത്തെ ദുർബ്ബലമാക്കാൻ ശ്രമിക്കുന്നവരാണ് തെറ്റായ കണക്കുകളും വിഷയ ബാഹ്യമായ പോസ്റ്റുകളുമായി രംഗത്തുവരുന്നത്.




# സൈനികരെ നായ് ളോട് ഉപമിച്ച്പരാമർശം; ജീവനക്കാരനെ സസ്പെൻഡ് ചെയ്ത് സപ്ലൈകോ

**തിരുവനന്തപുരം:** സമൂഹമാദ്ധ്യമത്തിലൂടെ സൈനികരെ അപമാനിച്ച സപ്ലൈകോ ജീവനക്കാരന് സസ്പെൻഷൻ. സപ്ലൈകോ തിരുവനന്തപുരം മേഖലാ കാര്യാലയത്തിൽ ജോലി ചെയ്യുന്ന ടി.സുജയ്കുമാറിനെതിരെയാണ് നടപടി സ്വീകരിച്ചത്. ഫേസ്ബുക്ക് വഴിയായിരുന്നു ഇയാൾ സൈന്യത്തെ അപമാനിച്ചത്.ഇന്നലെയാണ് സുജയ്കുമാറിനെ സസ്പെൻഡ് ചെയ്ത് സപ്ലൈകോ ഉത്തരവ് ഇറക്കിയത്. അന്വേഷണവിധേയമായാണ് നടപടി. സുജയ്കുമാറിന്റെ നടപടി സപ്ലൈകോയുടെ സൽപ്പേരിന് കളങ്കം വരുത്തിയതായി സസ്പെൻഷൻ ഉത്തരവിൽ പറയുന്നു. അതിനാൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സസ്പെൻഡ് ചെയ്യുന്നു. കെ.എൽ സി.പി 5381 നമ്ബർ വാഹനവും, അനുബന്ധ രേഖകളും മേഖലാ കാര്യാലയത്തിൽ റ്റി6 വിഭാഗത്തിൽ ഏൽപ്പിക്കണെമെന്നും സപ്ലൈകോയുടെ ഉത്തരവിൽ വ്യക്തമാക്കുന്നു. അതേസമയം സസ്പെൻഷൻ കാലയളവിൽ സുജയ്കുമാറിന് ഉപജീവനബത്ത നൽകും. സൈനികരെ നായ്ക്കളോട് ഉപമിച്ചായിരുന്നു സുജയ്കുമാർ ഫേസ്ബുക്ക് പോസ്റ്റിട്ടത്. സംഭവം വ്യാപകമായി പ്രചരിച്ചതോടെ സൈനികർ അടക്കമുള്ളവർ ശക്തമായ പ്രതിഷേധവും പരാതിയുമായി രംഗത്ത് എത്തിയിരുന്നു. ഇതേതുടർന്നാണ് ഇയാളെ സസ്പെൻഡ് ചെയ്തത്. സംഭവത്തിൽ ഇയാൾ ഫേസ്ബുക്കിലൂടെ മാപ്പ് അപേക്ഷിച്ചിരുന്നു.



# ഉമ്മ വാരിക്കൊടുത്ത ചോറുണ്ട് പ്രവാസത്തിലേക്ക്; പിന്നാലെ വന്നത് മരണവാർത്ത; നാടിനും വീടിനും നോവായി സക്കീർ

**കോഴിക്കോട്:** കഴിഞ്ഞ ദിവസം ദുബായിൽ അന്തരിച്ച കോഴിക്കോട് വടകര മയ്യന്നൂർ സ്വദേശി സക്കീർ (46) നാട്ടുകാർക്കും വീട്ടുകാർക്കും പ്രിയപ്പെട്ടവനായിരുന്നു.ഒരു മാസത്തെ അവധിക്ക് നാട്ടിലെത്തിയ സക്കീർ ഉമ്മയുടെ കൈ കൊണ്ട് വാരിക്കൊടുത്ത ചോറുണ്ടാണ് പ്രവാസ ലോകത്തേക്ക് മടങ്ങിയത്. എന്നാൽ തന്റെ കൈ കൊണ്ടുള്ള അവസാനത്തെ ഉരുളയാവും മകന് നൽകിയതെന്ന് ആ ഉമ്മ ഒരിക്കലും കരുതിയിട്ടുണ്ടാവില്ല.അവസാനമായി ചിത്രീകരിച്ച ഉമ്മയുടേയും മകന്റെയും വീഡിയോ സോഷ്യൽ മീഡിയയിലും നൊമ്ബരക്കാഴ്ചയാവുകയാണ്. ഒരുമാസത്തെ അവധിക്ക് നാട്ടിൽ എത്തിയ സക്കീർ മൂന്ന് ദിവസം മുൻപാണ് തിരിച്ച് ദുബായിലേക്ക് മടങ്ങിയത്. ഉമ്മ ഐഷു വാരിക്കൊടുത്ത ചോറ് കഴിച്ചാണ് സക്കീർ വിമാനത്താവളത്തിലേക്ക് പുറപ്പെട്ടത്. വല്യുമ്മ, ഉപ്പയ്ക്ക് ഭക്ഷണം വാരിക്കൊടുക്കുന്നതിന്റെ വീഡിയോ സക്കീറിന്റെ ഇളയമകൻ ഷഹബാസ് മൊബൈലിൽ ചിത്രീകരിച്ചിരുന്നു. ഇത് വാട്സാപ്പിലും മറ്റും പങ്കുവെക്കുകയും ചെയ്തിരുന്നു.ഈ സന്തോഷ നിമിഷങ്ങൾക്ക് പിന്നാലെ ബുധനാഴ്ചയാണ് സക്കീർ മരിക്കുന്നത്. സക്കീറിന്റെ മരണവാർത്തയ്ക്ക് പിന്നാലെ നിരവധി ആളുകളാണ് ഈ വീഡിയോ സാമൂഹിക മാധ്യമങ്ങളിൽ പങ്കുവെക്കുന്നത്. ദുബായിൽ എത്തിയതിന്റെ പിറ്റേ ദിവസം രാവിലെ സക്കീർ എഴുന്നേൽക്കാൻ വൈകി. തുടർന്ന് വിളിച്ചുണർത്താൻ ചെന്ന മൂത്തമകൻ മുഹ്സിൻ ആണ് സക്കീറിനെ കട്ടിലിൽ മരിച്ചനിലയിൽ കണ്ടെത്തിയത്.ഹൃദയാഘാതമാണ് മരണകാരണം എന്നാണ് മെഡിക്കൽ റിപ്പോർട്ട്. ലിഫ്റ്റ് ഓപ്പറേറ്ററായ സക്കീർ മകനൊപ്പമാണ് ദുബായിൽ താമസിച്ചിരുന്നത്. മൃതദേഹം വെള്ളിയാഴ്ച നാട്ടിൽ എത്തിക്കുമെന്നാണ് ബന്ധുക്കൾ അറിയിച്ചിട്ടുള്ളത്.

# സ്റ്റോപ്പിലാത്തതിനാൽ ഓടുന്ന ട്രെയിനിൽ നിന്ന് ചാടി ഇറങ്ങി; കൊരട്ടിയിൽ രണ്ടു യുവാക്കൾക്ക് ദാരുണാന്ത്യം



**തൃശൂർ:** സ്റ്റോപ്പില്ലാത്തതിനാൽ കൊരട്ടിയിൽ ഓടുന്ന ട്രെയിനിൽനിന്ന് ചാടി ഇറങ്ങാൻ ശ്രമിക്കുന്നതിനിടെ വീണ് രണ്ടു യുവാക്കൾക്ക് ദാരുണാന്ത്യം.കൊരട്ടി സ്വദേശികളായ കൃഷ്ണകുമാർ (16), സജ്ഞയ് (17) എന്നിവരാണ് മരിച്ചത്. കൊച്ചിയിൽനിന്ന് മടങ്ങവേ പുലർച്ചെയായിരുന്നു അപകടം. കൊരട്ടിയിലെത്തിയപ്പോൾ ഇരുവരും ട്രെയിനിൽ നിന്ന് ചാടി.ഇവരിൽ ഒരാൾ പ്ലാറ്റ്ഫോമിലേക്കു ചാടിയപ്പോൾ തലയടിച്ചു വീഴുകയും രണ്ടാമത്തെയാൾ ചാടിയപ്പോൾ പ്ലാറ്റ്ഫോമിനും പാളത്തിനുമിടയിലേക്ക് വീഴുകയുമായിരുന്നെന്നാണ് വിവരം. ഇരുവരും സംഭവസ്ഥലത്തു തന്നെ മരിച്ചെന്നാണ് റിപ്പോർട്ട്. കൊരട്ടി സ്വദേശികളായി ഇരുവരും കൊച്ചിയിൽ ജോലി ആവശ്യത്തിനായി പോയി തിരികെ വരികയായിരുന്നു. മിക്ക ട്രെയിനുകൾക്കും സ്റ്റോപ്പില്ലാത്തതിനാൽ സംഭവം നടന്ന് ഏറെക്കഴിഞ്ഞാണ് വിവരം പുറത്തറിഞ്ഞത്. ഇരുവരുടെയും മൃതദേഹങ്ങൾ പോസ്റ്റുമോർട്ട നടപടികൾക്കായി ആശുപത്രിയിലേക്കു മാറ്റി.




# സിനിമാ നിർമാതാക്കളുടെ വീടുകളിൽ ആദായ നികുതി വകുപ്പ് റെയ്ഡ്

മലയാള സിനിമാരംഗത്തെ പ്രമുഖ നിർമാതാക്കളുടെയും വിതരണക്കാരുടേയും വീടുകളിൽ ആദായ നികുതി വകുപ്പ് റെയ്ഡ്. നിർമാതാക്കളായ താരങ്ങളുടെ വീടുകളിലും റെയ്ഡ് നടക്കുന്നുണ്ട്.ഇന്നലെ തുടങ്ങിയ പരിശോധന ഇന്നും തുടരുകയാണ്. ചെന്നൈയിൽ നിന്നെത്തിയ നാന്നൂറിലേറെ ഉദ്യോഗസ്ഥരാണ് വിവിധ സ്ഥലങ്ങളിൽ ഒരേ സമയം നടക്കുന്ന പരിശോധനയിൽ പങ്കെടുക്കുന്നത്.

ഫലപ്രദമായ പാരമ്പര്യ ചികിത്സ
ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, തൃപ്തിയില്ലായ്മ
(പാർശ്വഫലങ്ങളില്ലാത്ത യുനാനി ചികിത്സ)
വയസ് പ്രശ്നമല്ല.
ദാമ്പത്യജീവിതത്തിൽ നിരാശയിൽ കഴിയുന്നവർ യുനാനി ചികിത്സയിൽ 35 വർഷത്തെ സേവനപാരമ്പര്യമുള്ള ഹക്കീം അവർകളെ നേരിൽ കാണുക

അൽ–മദീന വൈദ്യ–കണ്ണൂർ
ലക്ഷ്മി കോംപ്ലക്സ്, റൂം നം. 5, കൊയിലി ഹോസ്പിറ്റലിന് മുൻവശം, തലാപ്പ്, കണ്ണൂർ - 4
ചൊവ്വ, വ്യാഴം, ശനി, (ഞായർ ഉച്ചവരെ) ഹക്കീം അവർകൾ ഉണ്ടായിരിക്കുന്നതാണ്
ഫോൺ: 9388824933, 8129209023




# രാജ്യാന്തര തലത്തിൽ വിൽപ്പന ഉയരുന്നു

പ്രമുഖ ഫാർമ കമ്പനിയായ സിപ്ല (ഇശുഹമ ഘഎറ) കടുത്ത മത്സരം ഉള്ള ഇന്ത്യൻ മരുന്ന് വ്യവസായ രംഗത്ത് അതിവേഗം മുന്നേറ്റം നടത്തുന്ന കമ്പനിയാണ്.അമേരിക്കൻ ജെനറിക്സ് (ഴലിലൃശരെ) വിപണിയിൽ പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കാൻ ഉള്ള തയ്യാറെടുപ്പിലാണ് സിപ്ല. 2024 –25 വരെ ശക്തമായ വളർച്ചക്ക് ഇത് വഴിയൊരുക്കും.2022 –23 ആദ്യ പകുതിയിൽ അന്താരാഷ്ട്ര വിപണിയിൽ വിറ്റു വരവ് 189 ദശലക്ഷം ഡോളറായിരുന്നു.

ജെനറിക്സ് (പേറ്റന്റ്റ് ഇല്ലാത്ത) മരുന്നുകളിലും, പ്രിസ്ക്രിപ്ഷൻ മരുന്നുകളും, ഉപഭോക്തൃ ആരോഗ്യ സംരക്ഷണം എന്നിവയിൽ അടിസ്ഥനാക്കിയുള്ള വളർച്ച യാണ് സിപ്ല ലക്ഷ്യമിടുന്നത്.

പങ്കാളിത്ത വ്യവസ്തിതിയിൽ പ്രേമേഹത്തിന് എതിരായ മരുന്നുകൾ പുറത്തിറക്കാൻ തയ്യാറെടുക്കുന്നു.

2022 –23 ആദ്യ പാദത്തിൽ വരുമാനം 5.5 % വർധിച്ച് 4151,.27 കോടി രൂപയായി. അറ്റാദായം 720 കോടി രൂപയായി കുറഞ്ഞു (മുൻ വർഷം 782.37 കോടി രൂപ).

2017 –18 മുതൽ 2021 –22 കാലയളവിൽ വിൽപ്പനയിൽ 14 % സംയുക്ത വാർഷിക വളർച്ച നിരക്ക് കൈവരിച്ചു.

2022 –23 ആദ്യ പകുതിയിൽ അന്താരാഷ്ട്ര വിപണിയിൽ വിറ്റു വരവ് 189 ദശലക്ഷം ഡോളറായിരുന്നു.

2021 –22 ൽ; 2800 കോടി രൂപയുടെ വരുമാനം നേടാൻ കഴിഞ്ഞ കമ്പനിക്ക് 2023 –24 വരെ ഉള്ള കാലയളവിൽ 18 % സംയുക്ത വാർഷിക വളർച്ച നേടാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക് ഉള്ള മരുന്നുകളിൽ മികച്ച പ്രിസ്ക്രിപ്ഷൻ മരുന്നുകൾ പുറത്തിറക്കിയിട്ടുണ്ട്. ബ്രീത്ത് ഫ്രീ എന്ന മൊബൈൽ ആപ്പ് ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ അനുഭവിക്കുന്നവർക്ക് അനുഗ്രഹമാണ്. 50,000 ഡൗൺ ലോഡായിട്ടുണ്ട്.

തൈറോയ്ഡ്, നേത്ര രോഗങ്ങൾ, പ്രേമേഹം, കുത്തി വെയ്പ്പുകൾ എന്നി വിഭാഗങ്ങളിൽ കൂടുതൽ മരുന്നുകൾ പുറത്തിറക്കും.

വിൽപ്പന വര്ധനവിലൂടെ മാർജിനിലും അടുത്ത മൂന്ന് വർഷത്തിൽ ഉയർച്ച ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രവർത്തന മാർജിൻ 30 ശതമാനമാകാൻ സാധ്യത.




# കോടികൾ സമാഹരിക്കാനൊരുങ്ങി കേന്ദ്രം, ഐആർസിടിസി ഓഹരികൾ വിറ്റഴിക്കാൻ സാധ്യത

ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപ്പറേഷന്റെ ഓഹരികൾ വിറ്റഴിക്കാനൊരുങ്ങി കേന്ദ്രസർക്കാർ.റിപ്പോർട്ടുകൾ പ്രകാരം, ഐആർസിടിസിയുടെ 5 ശതമാനം ഓഹരികളാണ് വിറ്റഴിക്കുക. നടപ്പു സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെയാണ് ഓഹരികൾ വിറ്റഴിക്കാൻ ലക്ഷ്യമിടുന്നത്.ഓഫർ ഫോർ സെയിലിലൂടെയാണ് ഓഹരികളുടെ വിൽപ്പന നടക്കുക. ഓഹരി ഒന്നിന് 680 രൂപയാണ് പ്രൈസ് ബാൻഡായി നിശ്ചയിച്ചിരിക്കുന്നത്. ഓഹരി വിൽപ്പനയിലൂടെ 2,720 കോടി രൂപ നേടാൻ സാധിക്കുമെന്നാണ് കേന്ദ്രത്തിന്റെ വിലയിരുത്തൽ. 20 ദശലക്ഷം ഓഹരികളാണ് നിർദ്ദിഷ്ട ഓഹരി വിൽപ്പനയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഇവയിൽ 25 ശതമാനം മ്യൂചൽ ഫണ്ടുകൾക്കും, ഇൻഷുറൻസ് കമ്പനികൾക്കുമാണ് നീക്കിവെക്കുക. ബാക്കി 10 ശതമാനം റീട്ടെയിൽ നിക്ഷേപകർക്കായി മാറ്റിവെക്കുന്നതാണ്. ഐആർസിടിസിയിൽ കേന്ദ്രസർക്കാറിന് 67.4 ശതമാനം ഓഹരിയാണ് ഉള്ളത്. ധനം സമാഹരിക്കുന്നതിനായി ലിസ്റ്റ് ചെയ്ത റെയിൽവേ സ്ഥാപനങ്ങളിലെ ഓഹരികൾ വിൽക്കാനുള്ള കേന്ദ്രത്തിന്റെ പദ്ധതിയുടെ ഭാഗമായാണ് ഈ നീക്കം.

FILM WORLD




# വിവാദങ്ങൾക്കിടയിലും കത്തിക്കയറി പത്താനിലെ 'ബേഷറം രംഗ്'

ദീപിക പദുക്കോണിന്റെ വസ്ത്രധാരണത്തിന്റെ പേരിൽ വിവാദത്തിൽപ്പെട്ട പത്താനിലെ ഗാനം യൂട്യൂബിൽ വൻ ഹിറ്റ്. മൂന്ന് ദിവസം കൊണ്ട് ഗാനം കണ്ടത് അഞ്ചരക്കോടിയിലധികം പേരാണ്. ഗാനം യൂട്യൂബ് ട്രെൻഡിംഗിൽ ഏഴാം സ്ഥാനത്താണ്.പാട്ടിൽ ദീപിക ധരിച്ചിരിക്കുന്ന ബിക്കിനിയുടെ നിറം പ്രതിഷേധാർഹമാണെന്നും ബഹിഷ്ക്കരിക്കണമെന്നുമാവശ്യപ്പെട്ട് വിവിധ സംഘടനകളും മധ്യപ്രദേശ് ആഭ്യന്തരമന്ത്രിയുമടക്കം രംഗത്തെത്തിയിരുന്നു. ഗാനരംഗത്തിൽ മാറ്റം വരുത്താതെ സിനിമ മധ്യപ്രദേശിൽ പ്രദർശിപ്പിക്കില്ലെന്നാണ് മധ്യപ്രദേശ് ആഭ്യന്തരമന്ത്രി നരോത്തം മിശ്ര പറഞ്ഞത്. വിവാദത്തിനിടെ ദീപികയെ പിന്തുണച്ച് നടൻ പ്രകാശ് രാജ് രംഗത്തെത്തി. കാവിയിട്ടവർ ബലാത്സംഗം ചെയ്യുന്നവരെ മാലയിട്ട് സ്വീകരിച്ചാലും പ്രായപൂർത്തിയാകാത്തവരെ പീഡിപ്പിച്ചാലും കുഴപ്പമില്ലെന്നും എന്നാൽ സിനിമയിൽ ഒരു വസ്ത്രമിടാൻ സാധിക്കില്ലേയെന്നും പ്രകാശ് രാജ് ചോദിച്ചു. ടിറ്ററിലൂടെയായിരുന്നു പ്രകാശ് രാജിന്റെ പ്രതികരണം.സിദ്ധാർത്ഥ് ആനന്ദാണ് പഠാൻ സംവിധാനം ചെയ്യുന്നത്. ജോൺ എബ്രഹാമാണ് ചിത്രത്തിൽ വില്ലൻ കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. യഷ് രാജ് ഫിലിംസ് നിർമിക്കുന്ന ചിത്രം ജനുവരി 25ന് തീയറ്ററുകളിൽ എത്തും.







# കാവിയിട്ടവർ പീഡിപ്പിച്ചാലും കുഴപ്പമില്ല, സിനിമയിൽ ഒരു വസ്ത്രമിടാൻ സാധിക്കില്ലേ ; പ്രകാശ് രാജ്

പത്താൻ വിവാദത്തിൽ നടി ദീപിക പദുക്കോണിനെ പിന്തുണച്ച് നടൻ പ്രകാശ് രാജ്. കാവിയിട്ടവർ ബലാത്സംഗം ചെയ്യുന്നവരെ മാലയിട്ട് സ്വീകരിച്ചാലും പ്രായപൂർത്തിയാകാത്തവരെ പീഡിപ്പിച്ചാലും കുഴപ്പമില്ലെന്നും എന്നാൽ സിനിമയിൽ ഒരു വസ്ത്രമിടാൻ സാധിക്കില്ലേയെന്നും പ്രകാശ് രാജ് ചോദിച്ചു. ടിറ്ററിലൂടെയായിരുന്നു പ്രകാശ് രാജിന്റെ പ്രതികരണം.ഷാരൂഖ് ഖാനും ദീപിക പദുക്കോണും കേന്ദ്രകഥാപാത്രങ്ങളായി എത്തുന്ന ചിത്രമാണ് പത്താൻ. കഴിഞ്ഞ ദിവസം ചിത്രത്തിന്റെ ഗാനം പുറത്തുവന്നിരുന്നു. ഗാനരംഗത്ത് ദീപിക ബിക്കിനി ധരിച്ചാണ് അഭിനയിച്ചത്. ഇതിന് പിന്നാലെ ചിത്രത്തിനെതിരെ വ്യാപക പ്രതിഷേധമാണ് അരങ്ങേറുന്നത്. വീർ ശിവജി എന്ന സംഘടനയിലെ അംഗങ്ങൾ ഷാരൂഖ് ഖാന്റേയും ദീപിക പദുക്കോണിന്റേയും കോലം കത്തിച്ച് പ്രതിഷേധിച്ചിരുന്നു.ചിത്രത്തിലെ ഗാനം ഹിന്ദുക്കളുടെ വികാരം വ്രണപ്പെടുത്തുന്നുവെന്നാണ് ആരോപണം. ഗാനരംഗത്തിനെതിരെ മധ്യപ്രദേശ് ആഭ്യന്തരമന്ത്രി നരോത്തം മിശ്രയും രംഗത്തെത്തിയിരുന്നു. ഗാനരംഗത്തിൽ മാറ്റം വരുത്താതെ സിനിമ മധ്യപ്രദേശിൽ പ്രദർശിപ്പിക്കില്ലെന്നാണ് നരോത്തം മിശ്ര പറഞ്ഞത്. സിദ്ധാർത്ഥ് ആനന്ദാണ് പഠാൻ സംവിധാനം ചെയ്യുന്നത്. ജോൺ എബ്രഹാമാണ് ചിത്രത്തിൽ വില്ലൻ കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. യഷ് രാജ് ഫിലിംസ് നിർമിക്കുന്ന ചിത്രം ജനുവരി 25ന് തീയറ്ററുകളിൽ എത്തും.

# 'അടി ഇടി' പടവുമായി വീണ്ടും ആന്റണി വർഗീസ്;' ആർഡിഎക്സ്' തുടങ്ങി

ആക്ഷൻ ചിത്രവുമായി വീണ്ടും യുവതാരം ആന്റണി വർഗീസ്. നഹാസ് ഹിദായത്ത് സംവിധാനം ചെയ്യുന്ന ആർഡിഎക്സ് എന്ന ചിത്രത്തിലൂടെയാണ് ആന്റണി വർഗീസ് വീണ്ടും ആക്ഷൻ കൈകാര്യം ചെയ്യുന്നത്. ചിത്രത്തിന്റെ ഷൂട്ടിംഗ് ഇന്നലെ കൊച്ചിയിൽ ആരംഭിച്ചു. മൂന്ന് കേന്ദ്ര കഥാപാത്രങ്ങളുടെ പേരുകളുടെ ചുരുക്കെഴുത്താണ് ചിത്രത്തിന്റെ ടൈറ്റിൽ. റോബർട്ട്, ഡോണി, സേവ്യർ എന്നിങ്ങനെയാണ് ആ കഥാപാത്രങ്ങളുടെ പേരുകൾ. ആന്റണി വർഗീസിനൊപ്പം നീരജ് മാധവും ഷെയ്ൻ നിഗവുമാണ് ചിത്രത്തിലെ ടൈറ്റിൽ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. അടി തുടങ്ങട്ടെ എന്നാണ് ചിത്രത്തിന്റെ ടാഗ് ലൈൻ.ബിഗ് ബജറ്റിൽ ഒരുങ്ങുന്ന ഈ ചിത്രത്തിന്റെ നിർമ്മാണം വീക്കെൻഡ് ബ്ലോക്ക്ബസ്റ്റേഴ്സിന്റെ ബാനറിൽ സോഫിയ പോൾ ആണ്. ഷബാസ് റഷീദ്, ആദർശ് സുകുമാരൻ എന്നിവരുടേതാണ് തിരക്കഥ. ഐമ റോസ്മിയും മഹിമാ നമ്പ്യാരുമാണ് നായികമാർ. ലാൽ മറ്റൊരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നു. മനു മഞ്ജിത്തിന്റെ വരികൾക്ക് ഈണം പകർന്നിരിക്കുന്നത് സാം സി എസ് ആണ്. ദക്ഷിണേന്ത്യയിലെ വമ്പൻ സിനിമകളുടെ ആക്ഷൻ കോറിയോഗ്രാഫറായ അൻപറിവാണ് ഈ ചിത്രത്തിലെ ആക്ഷൻ രംഗങ്ങൾ ഒരുക്കുന്നത്. അലക്സ് ജെ പുളിക്കീലാണ് ഛായാഗ്രാഹകൻ. കലാസംവിധാനം പ്രശാന്ത് മാധവ്, മേക്കപ്പ് റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം ധന്യ ബാലകൃഷ്ണൻ, അസോസിയേറ്റ് ഡയറക്ടർ വിശാഖ്, നിർമ്മാണ നിർവ്വഹണം ജാവേദ് ചെമ്പ്, പിആർഒ വാഴൂർ ജോസ്.













# ലിസ്റ്റിൽ ഇടം പിടിച്ചത് 21 കളിക്കാർ; ഐപിഎൽ ലേലത്തിൽ പ്രതീക്ഷയോടെ ജമ്മു കശ്മീർ

**കൊച്ചി:**2022 ലെ ഐപിഎൽ മെഗാ ലേലത്തിന് മുന്നോടിയായി അബ്ദുൽ സമദിനെയും ഉംറാൻ മാലിക്കിനെയും നിലനിർത്താൻ സൺറൈസേഴ്സ് ഹൈദരാബാദ് (എസ്ആർഎച്ച്) തീരുമാനിച്ചതിനാൽ 2021 നവംബർ 30 ജമ്മു കശ്മീരിന് ഒരു പ്രത്യേക ദിവസമായിരുന്നു. ലേലത്തിനു മുമ്പുള്ള സീസണിൽ തന്റെ വമ്പൻ ഹിറ്റുകളുമായി സമദ് എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റിയപ്പോൾ, ഉമ്രാന്റെ വേഗതയാണ് ഏവരെയും ആകർഷിച്ചത്.ഐപിഎൽ സീസൺ സമദിന് നല്ലതായിരുന്നില്ലെങ്കിലും ഹൈദരാബാദിന്റെ വിശ്വാസം സമദിൽ നിലനിന്നു. ഐപിഎൽ 2023 ലേലത്തിന് മുമ്പ് ഹൈദരാബാദ് സമദിനെ ടീമിൽ നിലനിർത്തിയിട്ടുണ്ട്. ഇപ്പോൾ ഡിസംബർ 23 ന് നടക്കുന്ന ഐപിഎൽ മിനി ലേലത്തിന് മുന്നോടിയായി, ടൂർണമെന്റിൽ ആധിപത്യം സ്ഥാപിക്കാൻ താഴ്വരയിൽ നിന്നുള്ള നിരവധി കളിക്കാർ ഇത്തവണ രംഗത്തുണ്ട്.ജമ്മു കശ്മീരിൽ നിന്നുള്ള മറ്റ് ചില ക്രിക്കറ്റ് താരങ്ങളായ റാസിഖ് ഇസ്ലാം, പർവേസ് റസൂൽ എന്നിവരും ഐപിഎല്ലിൽ കളിച്ചിട്ടുണ്ട്. ഇതിന് പിന്നാലെ സമദിനെയും ഉംറാൻ മാലിക്കിനെയും പോലുള്ള ക്രിക്കറ്റ് താരങ്ങൾ എത്തിയതോടെ താഴ്വരയിൽ കൂടുതൽ താരങ്ങൾ ഉയർന്നുവരുമെന്ന പ്രതീക്ഷയും വർധിച്ചിട്ടുണ്ട്. ഈ താരങ്ങളുടെ കഴിവിന് വേദിയൊരുക്കാൻ ഐപിഎൽ തയ്യാറാണ്. 2022 ലെ ലേലത്തിൽ ജമ്മു കശ്മീരിൽ നിന്ന് 10 കളിക്കാർ ഉണ്ടായിരുന്നു, എന്നാൽ ഐപിഎൽ 2023 മിനി ലേലത്തിൽ അവരുടെ എണ്ണം 21 ആയി ഉയർന്നു. അന്തിമ പട്ടികയിൽ ഇടം നേടിയ 405 കളിക്കാരിൽ ഏറ്റവും ഉയർന്ന സംഖ്യയാണിത്. ഇതിനുശേഷം 16 വീതം കളിക്കാരുമായി കർണാടക, ഉത്തർ പ്രദേശ്, തമിഴ്നാട്, ഡൽഹി എന്നിവയുണ്ട്. ഈ വർഷം ഐപിഎൽ ട്രയൽസിൽ ജമ്മു കശ്മീരിൽ നിന്നുള്ള നിരവധി ക്രിക്കറ്റ് താരങ്ങൾ പങ്കെടുത്തു. ഓഗസ്റ്റിൽ കശ്മീരിൽ ഡൽഹി ക്യാപിറ്റൽസ് സ്കൗട്ടിംഗ് ക്യാമ്പും സംഘടിപ്പിച്ചിരുന്നു. ഡിസി സ്കൗട്ടുകളെ ആകർഷിച്ച കളിക്കാരെ പിന്നീട് ഒക്ടോബറിൽ നടന്ന പ്രധാന ടെസ്റ്റിനായി വിളിച്ചു. ജമ്മു കശ്മീരിന്റെ ലേലത്തിനുള്ള ചുരുക്കപ്പട്ടികയിൽ ഫാസ്റ്റ് ബൗളർമാർ ആധിപത്യം പുലർത്തുന്നു, പട്ടികയിൽ 14 ഫാസ്റ്റ് ബൗളർമാർ ഉൾപ്പെടുന്നു. ഇവരിൽ ബാസിത് ബഷീറും ഷാരൂഖ് ദാറും കഴിഞ്ഞ സീസണിൽ പഞ്ചാബ് കിംഗ്സിനും സൺറൈസേഴ്സ് ഹൈദരാബാദിനും വേണ്ടി നെറ്റ് ബൗളർമാരായി പ്രവർത്തിച്ചിട്ടുണ്ട്.സയ്യിദ് മുഷ്താഖ് അലി ട്രോഫിയും വിജയ് ഹസാരെ ട്രോഫിയും ഇവർക്ക് തുണയായി. രണ്ട് ഫോർമാറ്റിലെയും അസാമാന്യ പ്രകടനവും താരങ്ങൾക്ക് വഴിയൊരുക്കാൻ സഹായകമായി. ശുഭം ഖജൂരിയ (രണ്ട് ടൂർണമെന്റുകളിലും വളരെ ശ്രദ്ധേയനായിരുന്നു) ധാരാളം ടെസ്റ്റുകളിൽ കളിച്ചു. അത്തരമൊരു സാഹചര്യത്തിൽ ഈ 27 കാരനായ ക്രിക്കറ്റ് താരത്തെ ലേലം വിളിക്കാനുള്ള എല്ലാ സാധ്യതയും ഉണ്ട്. 23 കാരനായ വിവ്രാന്ത് ശർമ്മയും ആകർഷകമായ താരമാണ, ടോപ്പ് ഓർഡർ വലംകൈയ്യൻ ബാറ്റ്സ്മാനും ഫലപ്രദമായ ലെഗ്-സ്പിന്നറുമാണ് ഇദ്ദേഹം. ഓൾറൗണ്ടർ ഇടങ്കയ്യൻ സ്പിന്നർ ആബിദ് മുഷ്താഖിനെയും സ്വന്തമാക്കിയേക്കും. പല ഫ്രാഞ്ചൈസികളും ലേലത്തിന് മുമ്പ് ഈ ഓൾറൗണ്ടറിൽ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.ഐപിഎല്ലിന്റെ വരാനിരിക്കുന്ന സീസണിൽ ജമ്മു കശ്മീരിൽ നിന്നുള്ള കളിക്കാരുടെ എണ്ണം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു, കാരണം മിക്കവാറും എല്ലാ മുൻനിര ടീമുകളും വിലകുറഞ്ഞ ആഭ്യന്തര ഫാസ്റ്റ് ബൗളർമാരെ തിരയുന്നു. നിലവിലെ ചാംപ്യൻമാരായ ഗുജറാത്ത് ടൈറ്റൻസ് തീർച്ചയായും ഒരാൾക്കായുള്ള കാത്തിരിപ്പിലാണ്, ഫ്രാഞ്ചൈസിയുടെ ട്രയൽസിന് ശേഷം പരിശീലകൻ ആശിഷ് നെഹ്റയാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. ജയിച്ചാലും ആവശ്യത്തിനനുസരിച്ച് ചില മാറ്റങ്ങൾ വരുത്തുമെന്നും നെഹ്റ പറഞ്ഞിരുന്നു.

# ‘അടിപൊളി മനുഷ്യർ; ലോകകപ്പിന്റെ ഹൃദയവും ആത്മാവും നിങ്ങളാണ്’ –വോളന്റിയർമാർക്ക് നന്ദി പറഞ്ഞ് ഇൻഫാൻറിനോ

**ദോഹ:** ലോകകപ്പ് വളന്റിയർമാർക്ക് നന്ദി പറഞ്ഞ് ഫിഫ പ്രസിഡന്റ് ജിയാനി ഇൻഫാന്റിനോ. എക്കാലത്തെയും മികച്ച ലോകകപ്പിന്റെ ഏറ്റവും മികച്ച വളന്റിയർമാരാണ് നിങ്ങളെന്ന് ഇൻഫാന്റിനോ പറഞ്ഞു. ദോഹ കോർണിഷിൽ നടന്ന ഫിഫ ഫാൻ ഫെസ്റ്റിവലിന്റെ ഭാഗമായുള്ള വളന്റിയർ ആഘോഷ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ ലോകകപ്പിന്റെ ഹൃദയവും ആത്മാവുമാണ് നിങ്ങൾ. അതിലേറെ പ്രധാനമായി ലോകകപ്പിന്റെ മുഖവും പുഞ്ചിരിയും നിങ്ങളാണ്. ഈ ടൂർണമെന്റിനായി ആളുകൾ എത്തുമ്പോൾ ജനങ്ങൾ ആദ്യം കാണുന്നത് നിങ്ങളെയാണ്. അവർ മടങ്ങുമ്പോൾ അവസാനമായി കാണുന്നതും നിങ്ങളെത്തന്നെ. നിങ്ങളുടെ പുഞ്ചിരിയാണ് എക്കാലത്തെയും മികച്ച ലോകകപ്പാക്കി ഇതിനെ മാറ്റിയത്–ജിയാനി ഇൻഫാന്റിനോ പറഞ്ഞു.എല്ലാ അഭിനന്ദനങ്ങളും അറിയിക്കുന്നു. എക്കാലത്തെയും മികച്ച ലോകകപ്പിന്റെ ഏറ്റവും മികച്ച വളന്റിയർമാരാണ് നിങ്ങൾ. എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന്, ഫുട്ബോളിനെ സ്നേഹിക്കുന്ന എല്ലാവരിൽനിന്നുമുള്ള നന്ദി രേഖപ്പെടുത്തുന്നു. അടിപൊളി മനുഷ്യരാണ് നിങ്ങളെന്നും ഫിഫ അധ്യക്ഷൻ കൂട്ടിച്ചേർത്തു.വിവിധ ഭാഷക്കാരും ദേശക്കാരുമായ 20,000ത്തോളം വളൻറിയർമാരാണ് ഇത്തവണ ലോകകപ്പിനെത്തിയ അതിഥികളെ സ്വീകരിക്കാനും സഹായിക്കാനുമായുണ്ടായിരുന്നത്. ലോകകപ്പ് സംഘാടക സമിതിയുടെ പ്രത്യേക പരിശീലനം ലഭിച്ചവരാണ് വളന്റിയർമാർ. ലോകകപ്പിന്റെ സംഘാടന ദൗത്യം നിർവഹിച്ച ഖത്തർ സുപ്രിം കമ്മിറ്റി ഫോർ ഡെലിവറി ആൻഡ് ലെഗസിയുമായി ചേർന്നാണ് വളന്റിയർമാരെ തിരഞ്ഞെടുത്തതും പരിശീലിപ്പിച്ചതും.



RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com